കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചാഴൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2015-16

## ജില്ല ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ(പി2)2169/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
PIN : 680 020
തിയ്യതി 06.01.2017
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്(സെക്രട്ടറി മുഖേന),

ചാഴൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ചാഴൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2 എന്നീ ഖണ്ഡികളിലേയ്ക്കും ഭാഗം 3ലെ 3-10, 3-16 എന്നീ ഖണ്ഡികളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ(പി2)2169/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
PIN : 680 020
തിയ്യതി 06.01.2017
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 09-01-2016 മുതൽ 28-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29-11-2016 മുതൽ 07-12-2016വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.റീനാ ജോസഫ്,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീ.സുനിൽ.പി.ബി, |

| | |
|---|---|
| | സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ.പ്രസാദ്.പി.ജി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ഷഹീർ.എസ്,<br>ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.എൻ.ജയരാജ്<br>01-04-2015 മുതൽ 31.10.16 വരെ |
| | അഡ്ഹോക്ക് കമ്മിറ്റി<br>01.11.2016 മുതൽ 18.11.2016 വരെ |
| | ശ്രീമതി. സുജാത അരവിന്ദാക്ഷൻ<br>19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.ആൽഫ്രഡ് സോജൻ<br>(അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ ചാർജ്ജ്)<br>01-04-2015 മുതൽ26-07-2015 വരെ |
| | ശ്രീ. എം.എഫ്.ജോസ്<br>27-07-2015 മുതൽ31-03-2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | |
| ഉദ്യോഗപ്പേര് | പേര് |
| കൃഷി ഓഫീസർ | ശ്രീമതി.അനിത.എം.കെ.<br>01.04.2015 മുതൽ 07.07.2015 വരെ<br>ശ്രീമതി.മിനി ജോസഫ്<br>08.07.2015 മുതൽ 31.03.2016 വരെ |

<table>
<tr><td>അസിസ്റ്റന്റ് എഞ്ചിനീയർ</td><td>ശ്രീ.അനൂപ്. പി.എൻ.<br>01.04.2015 മുതൽ 31.03.2016 വരെ</td></tr>
<tr><td>മെഡിക്കൽ ഓഫീസർ പി.എച്ച്.സി</td><td>ഡോ. ജിഷ.അർ.എസ്.<br>01.04.2015 മുതൽ 31.03.2016 വരെ</td></tr>
<tr><td>മെഡിക്കൽ ഓഫീസർ ആയുർവേദം</td><td>ഡോ.സുചിത്ര.ടി.<br>01.04.2015 മുതൽ 31.03.2016 വരെ</td></tr>
<tr><td rowspan="2">മെഡിക്കൽ ഓഫീസർ ഹോമിയോ</td><td>ഡോ.ജയചന്ദ്രൻ<br>01.04.2015 മുതൽ 25.08.2015 വരെ</td></tr>
<tr><td>ഡോ.പ്രിയ ഭാസ്കർ<br>26.08.2015 മുതൽ 31.03.2016 വരെ</td></tr>
<tr><td>വെറ്ററിനറി സർജൻ</td><td>ഡോ. രഞ്ജിനി.എ.<br>01.04.2015 മുതൽ 31.03.2015 വരെ</td></tr>
<tr><td>പ്രധാനാദ്ധ്യാപിക,<br>ജി.എൽ.പി.എസ്. ആലപ്പാട്.</td><td>ശ്രീമതി. ശ്രീലത..പി.സി.<br>01.04.2015 മുതൽ 31.03.2016 വരെ</td></tr>
<tr><td>വി.ഇ.ഒ,ചാഴൂർ സർക്കിൾ</td><td>ശ്രീമതി. പത്മ.എം.എ.<br>01.04.2015 മുതൽ 31.03.2016 വരെ</td></tr>
<tr><td rowspan="2">വി.ഇ.ഒ ഇഞ്ചമുടി സർക്കിൾ</td><td>ശ്രീമതി. ബിനി.കെ.ആർ.<br>01.04.2015 മുതൽ 02.10.2015 വരെ</td></tr>
<tr><td>ശ്രീമതി.എമി ആനി ഐസക്ക്<br>03.10.2015 മുതൽ 31.03.2016 വരെ</td></tr>
<tr><td rowspan="2">ഐ.സി.ഡി.എസ് സൂപ്പർവൈസർ</td><td>ശ്രീമതി. ശ്യാമള.ടി.എൻ.<br>01.04.2015 മുതൽ 22.12.2015 വരെ</td></tr>
<tr><td>ശ്രീമതി. ഷീജ.പി.ജെ.<br>23.12.2015 മുതൽ 31.03.2016 വരെ</td></tr>
</table>

<table>
<tr><td rowspan="2">അസിസ്റ്റന്റ് സെക്രട്ടറി</td><td>ശ്രീ.ആൽഫ്രഡ് സോജൻ<br>01.04.2015 മുതൽ 19.08.15FN വരെ</td></tr>
<tr><td>ശ്രീമതി. സുനിത.ടി.വി.<br>19.08.2015 മുതൽ 31.03.2015 വരെ</td></tr>
<tr><td>ഡയറി ഫാം ഇൻസ്ട്രക്ടർ</td><td>ശ്രീമതി.പ്രബീന.പി.എസ്.<br>01.04.2015 മുതൽ 31.03.2016 വരെ</td></tr>
</table>

ഉള്ളടക്കം

| ക്രമ നം | ഖണ്ഡിക നം | ഖണ്ഡിക |
|---|---|---|
| 1. | 1-1 | ബജറ്റ് |
| 2 | 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 3 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 4 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം |
| 5 | 1-4 | സാമ്പത്തിക വിശകലനം |
| 6 | 1-5 | ഫണ്ട് വിനിയോഗം |
| 7 | 1-6 | പദ്ധതി അവലോകനം. |
| 8 | 1-7 | തനത് വരുമാനം. |
| 9 | 1-8 | ക്ഷേമപദ്ധതികൾ |
| 10 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |

| | | |
|---|---|---|
| 11 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 2-1 | വസ്തുനികുതികുടിശിക പിരിയ്ക്കുന്നതിൽ ഗുരുതരമായ വീഴ്ച |
| 13 | 2-2 | വസ്തു നികുതി അപാകതകൾ |
| 14 | 2-3 | തൊഴിൽ നികുതി അപാകതകൾ |
| 15 | 2-4 | ഡി & ഓ ലൈസൻസ് അപാകതകൾ |
| 16 | 2-5 | ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല |
| 17 | 3-1 | പൊതു ടാപ്പുകളുടെ വെള്ളക്കരം -സംയുക്ത പരിശോധന നടത്തേണ്ടതാണ് |
| 18 | 3-2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല |
| 19 | 3-3 | ജനറേറ്റർ ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല |
| 20 | 3-4 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 21 | 3-5 | ഇ-ടെൻഡർ നടപ്പാക്കിയിട്ടില്ല – വിശദീകരണം നൽകേണ്ടതാണ് |
| 22 | 3-6 | കുറഞ്ഞ അടങ്കലുള്ള പൊതുമരാമത്ത് പ്രവർത്തികളുടെ എണ്ണം കൂടുതൽ. |
| 23 | 3-7 | കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയത് - കൈപ്പറ്റ് രശീതി ലഭ്യമായില്ല. |
| 24 | 3-8 | പദ്ധതി ചെലവ് വിശദാംശങ്ങൾ |
| 25 | 3-9 | പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം |
| 26 | 3-10 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - ക്രമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല |

| | | |
|---|---|---|
| | | |
| 27 | 3-11 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് |
| 28 | 3-12 | റോഡ് നിർമ്മാണ പ്രവർത്തികൾ സോളിംഗിൽ അവസാനിപ്പിക്കുന്നു |
| 29 | 3-13 | മരാമത്ത് പ്രവർത്തികൾ - അപാകതകൾ |
| 30 | 3-14 | ടാറിംഗ്, റീടാറിംഗ് പ്രവർത്തികൾ - എസ്റ്റിമേറ്റിൽ സുതാര്യത ഇല്ല |
| 31 | 3-15 | റോഡ് കണക്റ്റിവിറ്റി പ്ലാൻ |
| 32 | 3-16 | പുതിയ കിണർ നിർമ്മാണം-പദ്ധതിക്ക് സബ്സീഡി അധികം അനുവദിച്ചു |
| 33 | 3-17 | വികലാംഗർക്ക് ഉപകരണങ്ങൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 34 | 3-18 | അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം |
| 35 | 3-19 | ടച്ച്സ്ക്രീൻ കിയോസ്ക് പൂർണ്ണപ്രവർത്തനസജ്ജമാക്കണം |
| 36 | 3-20 | ഡെപ്പോസിറ്റ് പ്രവൃത്തി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 37 | 3-21 | ആശ്രയ പദ്ധതി നടത്തിപ്പ് പുരോഗതി |
| 38 | 3-22 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ -നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് മാറ്റിയ തുക മുഴുവനും കർഷകർക്ക് ലഭ്യമായിട്ടില്ല |
| 39 | 3-23 | ആയുർവ്വേദആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ - മരുന്ന് സ്റ്റോക്കിലെടുത്തതിൽ കുറവ് |
| 40 | 3-24 | പത്താംതരം തുല്യതാപഠനം, സാക്ഷരതാ മിഷനിൽ അടവാക്കിയ തുകയുടെ കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല |

| | | |
|---|---|---|
| 41 | 3-25 | വിജ്ഞാനോത്സവം |
| 42 | 3-26 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| 43 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 44 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 45 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 46 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 47 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 48 | 4-6 | ഓഡിറ്റ് റിക്കവറി |
| 49 | 4-7 | ഓഡിറ്റ് പ്രത്യവലോകനം |
| 50 | 4-8 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 25-03-2015 ലെ തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം പ്രതീക്ഷിത വരവ് ₹153167434.77 (മുന്നിരിപ്പ് ഉൾപ്പെടെ) പ്രതീക്ഷിത ചെലവ് ₹145364700/- ആണ്.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (+)/(-) |
|---|---|---|---|
| വസ്തുനികുതി | 40,00,000 | 38,05,941 | 1,94,059 |

| | | | |
|---|---|---|---|
| തൊഴിൽ നികുതി | 16,00,000 | 1132270 | 4,67,730 |
| പരസ്യ നികുതി | 25,000 | 16,100 | 8,900 |
| വാടക | 1,00,000 | 77,201 | 22,799 |
| ഡി&ഓ ലൈസൻസ് | 1,50,000 | 83,650 | 66,350 |
| പെർമിറ്റ് ഫീ | 2,00,000 | 72,482 | 1,27,518 |

മേൽ താരതമ്യത്തിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ ഭൂരിഭാഗവും യഥാർത്ഥ ഡിമാന്റുകളിൽ നിന്നും വളരെ കൂടുതലാണെന്ന് വ്യക്തമാകുന്നു. മേൽ പറഞ്ഞ എല്ലാ ഇനങ്ങളിലും യഥാർത്ഥ ഡിമാന്റും ബജറ്റ് നിർദ്ദേശവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ യാഥാർത്ഥ്യ സമീപനം ഉണ്ടാവേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2016 | 29-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച്തിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 05-12-2015 |

1. പഴവിൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ പഞ്ചായത്തിന്റെ പേരിലുള്ള 534/2നമ്പർ അക്കൗണ്ടിന്റെ 31-03-2016ലെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം, താഴെ പറയുന്ന ഡി.ഡി/ചെക്കുകൾ ദീർഘകാലമായിട്ടും പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് വകയിരുത്തിയിട്ടില്ലാത്തതാണ്.

| വൗച്ചർ നമ്പർ | വൗച്ചർ തിയ്യതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തിയ്യതി | തുക |
|---|---|---|---|---|
| 115199006 | 18-08-2015 | 022287 | 24-01-2015 | 2,000 |

| | | | | |
|---|---|---|---|---|
| 1 | 30-03-2012 | 1 | 30-03-2012 | 9,038 |
| 2 | 31-03-2012 | 2 | 31-03-2012 | 10,651 |
| ആകെ തുക | | | | 21,689 |

മേൽ തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് വകയിരുത്തുന്നതിൽ ദീർഘകാലത്തെ കാലവിളംബം ഉണ്ടായതിന്റെയും, പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെയും, കാരണം അറിയിക്കേണ്ടതാണ്.

2. കുടിശികയായി പിരിച്ചെടുക്കാനുള്ള വസ്തുനികുതിയ്ക്ക് ആനുപാതികമായ ലൈബ്രറിസെസ് തുക ബാലൻസ് ഷീറ്റിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല.
3. Income & Expenditurem Receipt & Payment, Audit Certificate എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹3,13,08,168-25 |
| വരവ് | ₹5,27,17,796 |
| ആകെ | ₹8,40,25,964.25 |
| ചെലവ് | ₹7,66,81,118.00 |
| നീക്കിയിരിപ്പ് | ₹73,44,846.25 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | **ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 58,27,101 | (+)11335934 | 1,71,63,035 | 1,71,63,035 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 96,14,196 | 74,74,354 | 1,70,88,550 | 1,70,88,550 | 73,06,771 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 22,000 | 0 | 22,000 | 22,000 | 22,000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 24,20,069 | 40,80,303 | 65,00,372 | 65,00,372 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 10,15,528 | *1878429 | 2893957 | 2893957 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 31,79,641 | 60,37,657 | 92,17,298 | 92,17,298 | 4007163 | 0 |
| ലോക ബാങ്ക് സഹായം | 4,71,859 | 0 | 4,71,859 | 4,71,859 | 0 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 1,18,76,833 | 1,18,76,833 | 1,18,76,801 | | 32 |

ഓഫീസ് നോട്ട്

(+) വികസന ഫണ്ടിൽ വരവായി കാണിച്ച തുക SCP, TSP, CFC എന്നിവയിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 64392368 | 106 | 43326565 | 39 | 24+17=41 | 56.98 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ

പറയും പ്രകാരം 28.2% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 55,54,572 | 36,84,829 | (-)1869743 | (-)33.66 |
| നികുതിയേതര വരവുകൾ | 11,13,005 | 10,35,779 | (-)77226 | (-)6.93 |
| മറ്റുവരവുകൾ | 4927 | 35,558 | (+)30631 | (+)6.21 |
| ആകെ | 66,72,504 | 4756166 | (-)1916338 | (-)28.72 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,10,400 | 87 |
| കർഷകതൊഴിലാളി പെൻഷൻ | 68,24,280 | 756 |
| വിധവാപെൻഷൻ | 1,36,80,960 | 1249 |
| വാർദ്ധക്യകാലപെൻഷൻ | 1,43,52,720 | 1799 |
| വികലാംഗപെൻഷൻ | 40,40,300 | 328 |
| അവിവാഹിത പെൻഷൻ | 12,78,800 | 118 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-12-2016ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7,643/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-11-2016 | 2016 ഒക്ടോബർ | 2016-സെപ്തംബർ-ലെ റിപ്പോർട്ട് 01-12-2016ന് ലഭിച്ചു |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-03-2011 മുതൽ 15-03-2011 വരെ | 2005-06 മുതൽ 2009-10 വരെ | 30-04-2011 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതികുടിശിക പിരിയ്ക്കുന്നതിൽ ഗുരുതരമായ വീഴ്ച

ചാഴൂർ ഗ്രാമപഞ്ചായത്തിലെ കഴിഞ്ഞ ആറു വർഷത്തെ വസ്തുനികുതി പിരിവ് താഴെ ചേർക്കുന്നു

| വർഷം | കുടിശിക ഒഴികെയുള്ള വസ്തുനികുതി | | |
|---|---|---|---|
| | ഡിമാന്റ് തുക | പിരിവുതുക | പിരിവ് ശതമാനം |
| 2010-11 | 1939013 | 1695410 | 87.4 |
| 2011-12 | 2203399 | 1964656 | 89.1 |
| 2012-13 | 2435082 | 2258686 | 92.7 |
| 2013-14 | 2605018 | 2013742 | 77.3 |

| | | | |
|---|---|---|---|
| 2014-15 | 3555075 | 2610890 | 73.4 |
| 2015-16 | 3805941 | 3299388 | 86.6 |

വാർഷിക കണക്ക് പ്രകാരം 31-03-2016ന് ₹9,02,468/- ആകെ വസ്തുനികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| വർഷം | 2012-13 | 2013-14 | 2014-15 | 2015-16 | ആകെ |
|---|---|---|---|---|---|
| കുടിശിക | 18139 | 66236 | 311540 | 506553 | 9024468 |

കഴിഞ്ഞ രണ്ടു വർഷങ്ങളായി വസ്തുനികുതി കുടിശ്ശികയിനത്തിൽ വൻ വർദ്ധനവ് ഉണ്ടായിരിക്കുന്നതായി കാണാം. വികസനാവശ്യത്തിനടക്കമുള്ള പഞ്ചായത്തിന്റെ ദൈനംദിന ആവശ്യത്തിനുപയോഗിക്കേണ്ട നികുതിപണം പിരിച്ചെടുക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. കുടിശ്ശിക നിർമ്മാർജ്ജനത്തിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 243-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം നികുതികൾ പിരിച്ചെടുക്കാതെ കാലഹരണപ്പെട്ടാൽ സെക്രട്ടറി ബാധ്യസ്ഥനാകുന്നതാണ്.

## 2-2 വസ്തു നികുതി അപാകതകൾ

2-2-1 ഒരേ ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തു നികുതി നിർണയിച്ച് ഈടാക്കിയതായി കാണുന്നു. ഉദാഹരണം താഴെ കൊടുക്കുന്നു. ഒരേയാളുടെ ഉടമസ്ഥതയിലുള്ള ഒരു കെട്ടിടത്തിന് മാത്രം താമസാവശ്യത്തിനുള്ള നികുതി ചുമത്താവുന്നതും ബാക്കിയുള്ളവയ്ക്ക് കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് നികുതി നിർണയിച്ച് ഈടാക്കേണ്ടതുമാണ്.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ തറ വിസ്തീർണം (ച.മീറ്ററിൽ) |
|---|---|---|---|
| 1 | 14/324-A | ജിഷ ,D/o സാജു, കുറ്റിക്കാട്, കുറുമ്പിലാവ് | 37.7 |
| 2 | 14/324-B | ജിഷ, D/o സാജു, കുറ്റിക്കാട്, കുറുമ്പിലാവ് | 37.7 |
| 3 | 14/324-C | ജിഷ, D/o സാജു, കുറ്റിക്കാട്, കുറുമ്പിലാവ് | 37.7 |

| | | | |
|---|---|---|---|
| 4 | 14/324-D | ജിഷ, D/o സാജു, കുറ്റിക്കാട്, കുറുമ്പിലാവ് | 40 |
| 5 | 14/324-E | ജിഷ, D/o സാജു, കുറ്റിക്കാട്, കുറുമ്പിലാവ് | 40 |
| 6 | 14/324-F | ജിഷ,D/o സാജു, കുറ്റിക്കാട്, കുറുമ്പിലാവ് | 40 |
| 7 | 8/421 | ഖാദർ | 36 |
| 8 | 8/422 | ഖാദർ | 36 |
| 9 | 8/423 | ഖാദർ | 36 |
| 10 | 8/424 | ഖാദർ | 36 |

ഇത്തരം കൂടുതൽ കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് വസ്തു നികുതി പുനർനിർണയിക്കേണ്ടതാണ്.

2-2-2താഴെ പറയുന്ന കെട്ടിട നമ്പറിലുള്ള വാണിജ്യാവശ്യത്തിനുള്ള (കടമുറി) കെട്ടിടങ്ങൾക്ക് (നിലവിലുള്ള കെട്ടിടത്തിന് ഘടനാപരമായ മാറ്റം ഇല്ല.) കെട്ടിട നിർമ്മാണ ചട്ടം 11(3) പട്ടിക (2) അനുസരിച്ചുള്ള ഷട്ടർ/ഡോർ സ്ഥാപിക്കുവാനുള്ള ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ തറ വിസ്തീർണം (ച.മീറ്ററിൽ) | ഈടാക്കിയ നികുതി | | ഈടാക്കേണ്ടിയിരുന്ന ഫീസ് (ഷട്ടർ/ഡോർ സ്ഥാപിക്കുവാൻ) |
|---|---|---|---|---|---|---|
| | | | | വസ്തു നികുതി | ലൈബ്രറി സെസ് | |
| 1 | 7/339 | വിൽസൻ & ലിസ്സി, കൊമ്പൻ വീട്, പഴുവിൽ. | 26 | 405 | 21 | 100 |
| 2 | 7/339 | വിൽസൻ & ലിസ്സി, കൊമ്പൻ | 25 | 405 | 21 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | | വീട്, പഴവിൽ. | | | | |
| ആകെ ഈടാക്കേണ്ട ഫീസ് 200/- | | | | | | |

2-2-3 താഴെ പറയുന്ന മൊബൈൽ/ടെലഫോൺ ടവറുകൾക്ക് വസ്തു നികുതി നിർണയിച്ചിട്ടുണ്ട്. എന്നാൽ വസ്തു നികുതി ഈടാക്കിയിട്ടില്ല. ആയത് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | ടവറിന്റെ പേര് / സേവനദാതാവിന്റെ പേര് | കെട്ടിടത്തിന്റെ തറ വിസ്തീർണം (ച.മീറ്ററിൽ) | കെട്ടിട നം. | നിർണയിച്ച | |
|---|---|---|---|---|---|
| | | | | വസ്തു നികുതി | ലൈബ്രറി സെസ് |
| 1 | INDUS TOWER Ltd. | 12 | 2/359 | 6000 | 300 |
| 2 | BSNLTOWER-TOWERVISION INDIA | 18 | 3/277 | 9000 | 450 |
| 3 | INDUS TOWER Ltd. | 18 | 3/278 | 9000 | 450 |
| 4 | BSNLTOWER-TOWERVISION INDIA | 24.54 | 10/94 | 12270 | 614 |
| 5 | BSNLTOWER-TOWERVISION INDIA | 15.334 | 10/281 | 7667 | 334 |
| 6 | TATA INDICOM TOWER | 31.62 | 10/95 | 15810 | 791 |

2-2-4 കെട്ടിട നിർമ്മാണ ചട്ടം 137(3) അനുസരിച്ച് കെട്ടിടങ്ങൾ ക്രമവൽക്കരിച്ച വിവരം സെക്രട്ടറി Appendix-j ഫോറത്തിൽ രജിസ്റ്റർ ചെയ്തത് സൂക്ഷിക്കേണ്ടതാണ്.

2-2-5 താഴെ പറയുന്ന 305.19 ച.മീറ്റർ തറ വിസ്തീർണമുള്ള വാണിജ്യസമുച്ചയത്തിലെ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ മൊത്തം തറവിസ്തീർണത്തിന് ആനുപാതികമായി വസ്തു നികുതി ഈടാക്കിയിട്ടില്ല. 266/- രൂപയുടെയും, ലൈബ്രറി സെസ് ഇനത്തിൽ 13/- രൂപയുടെയും കുറവ്

| ക്രമ | കെട്ടിട | ഉടമസ്ഥന്റെ | കെട്ടിടത്തിന്റെ തറ | ഈടാക്കിയ നികുതി |
|---|---|---|---|---|

| നം. | നം. | പേര് | വിസ്തീർണം(ച.മീറ്ററിൽ) | വസ്തു നികുതി | ലൈബ്രറി സെസ് |
|---|---|---|---|---|---|
| 1 | 18/307-A | ദിവാകരൻ, കളപ്പുരയ്ക്കൽ വീട്, ചാഴൂർ | 70 | 70x50+700=4200 | 210 |
| 2 | 18/307-B | ദിവാകരൻ, കളപ്പുരയ്ക്കൽ വീട്, ചാഴൂർ | 20.4 | 20.4x50+204=1224 | 62 |
| 3 | 18/307-C | ദിവാകരൻ, കളപ്പുരയ്ക്കൽ വീട്, ചാഴൂർ | 20.4 | 20.4x50+204=1224 | 62 |
| 4 | 18/307-D | ദിവാകരൻ, കളപ്പുരയ്ക്കൽ വീട്, ചാഴൂർ | 20.4 | 20.4x50+204=1224 | 62 |
| 5 | 18/307-E | ദിവാകരൻ, കളപ്പുരയ്ക്കൽ വീട്, ചാഴൂർ | 20.4 | 20.4x50+204=1224 | 62 |
| 6 | 18/307-F | ദിവാകരൻ, കളപ്പുരയ്ക്കൽ വീട്, ചാഴൂർ | 20.4 | 20.4x50+204=1224 | 62 |
| 7 | 18/307-G | ദിവാകരൻ, കളപ്പുരയ്ക്കൽ വീട്, ചാഴൂർ | 49.57 | 49.57x50+496=2975 | 149 |
| 8 | 18/307-H | ദിവാകരൻ, കളപ്പുരയ്ക്കൽ വീട്, ചാഴൂർ | 20.4 | 20.4x50+204=1224 | 62 |

| | | | | | |
|---|---|---|---|---|---|
| 9 | 18/307-I | ദിവാകരൻ, കളപ്പുരയ്ക്കൽ വീട്, ചാഴൂർ | 20.4 | 20.4x50+204=1224 | 62 |
| 10 | 18/307-J | ദിവാകരൻ, കളപ്പുരയ്ക്കൽ വീട്, ചാഴൂർ | 38.39 | 38.39x50+384-192=2112 | 106 |
| കണകാക്കിയ വിസ്തീർണം | | | 300.76 | | |
| തറ വിസ്തീർണത്തിൽ വന്ന വ്യത്യാസം = 4.43 ച.മീറ്റർ (ഇതു മൂലം വസ്തു നികുതി ഇനത്തിൽ 4.43x50+44.3=266 രൂപയുടെയും, ലൈബ്രറി സെസ് ഇനത്തിൽ 13 രൂപയുടെയും കുറവ് വന്നിട്ടുണ്ട്.) | | | | | |

# 2-3 തൊഴിൽ നികുതി അപാകതകൾ

2-3-1.പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | ഡി&ഓ ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ഡി&ഓ അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 21/15-16 | ജനറൽ എന്റർപ്രൈസസ്, തിരുത്തേക്കാട് റോഡ്. | 6 |
| 2 | 22/15-16 | രുദ്ര ഹോളോബ്രിക്സ്& സോളിഡ്ബ്ലോക്ക്, പരുത്തിക്കാട് റോഡ്. | 4 |
| 3 | 23/15-16 | ടീച്ചേഴ്സ് ക്രീം ഫ്രോസ്റ്റ്, പെരുങ്ങോട്ടുകര. | 8 |

| | | | |
|---|---|---|---|
| 4 | 39/15-16 | ക്വാളിറ്റി ബ്രിക്സ്& പേവിംഗ് ടൈൽസ്, പെരുങ്ങോട്ടുകര. | 5 |
| 5 | 49/15-16 | തട്ടിൽ ഹോളോബ്രിക്സ്, പഴുവിൽ. | 3 |
| 6 | 54/15-16 | റോളക്സ് കാറ്ററിംഗ് സർവ്വീസ്, ശ്രീമുരുകാ റോഡ് | 3 |
| 7 | 55/15-16 | കോസ്മറ്റിക് ഡെന്റൽ ക്ലിനിക്ക്, ആലപ്പാട്. | 3 |
| 8 | 124/15-16 | അഷ്ടമി ഹേർബൽ കെയർ, ചേറ്റക്കുളം. | 7 |
| 9 | 125/15-16 | അഷ്ടമി ആയുർവ്വേദ നഴ്സിങ് ഹോം, ചേറ്റക്കുളം. | 7 |
| 10 | 149/15-16 | ഹരിത ഇന്റർലോക്ക്, ചാഴൂർ. | 3 |
| 11 | 172/15-16 | കെ.കെ.സോ മിൽ, ആലപ്പാട്. | 4 |
| 10 | 173/15-16 | ലിയാ വുഡ് വർക്ക്സ്, ചാഴൂർ | 4 |
| 11 | 187/15-16 | ഫുഡ്& ജോയ് ലിമിറ്റഡ്, പഴുവിൽ. | 9 |
| 12 | 191/15-16 | ദീപാഞ്ജലി വെൽനസ്& റിട്രീറ്റ് പ്രൈ. ലിമിറ്റഡ്, ചാഴൂർ. | 30 |
| 13 | 214/15-16 | സായ്റാം ഫുഡ് പ്രൊഡക്ട്സ്, പുള്ള്. | 5 |
| 14 | 240/15-16 | ജെ.എം.ജെ. ബേക്കറി, കുറുമ്പിലാവ്. | 7 |
| 15 | 243/15-16 | അറ്റ്ലസ് ഇൻഡസ്ട്രീസ്, ചേറ്റക്കുളം. | 3 |

| | | | |
|---|---|---|---|
| | | | |
| 16 | 264/15-16 | മിഡ് വേ ഇന്റർലോക്ക് ടൈൽസ്& പാവിംഗ്, പഴുവിൽ. | 5 |
| 17 | 268/15-16 | ഹോളിഫാമിലി ട്രേഡേർസ്, പഴുവിൽ. | 3 |
| 18 | 272/15-16 | മിഡ് വേ മാർക്കറ്റിങ്, പഴുവിൽ. | 5 |
| 19 | 297/15-16 | സി.എസ്.ആർ. ബയോ കൺട്രോൾ ലാബ്, കൊറ്റംകോട്. | 4 |
| 20 | 321/15-16 | പാലിശ്ശേരി ഇന്റർലോക്ക് ടൈൽസ്, ചാഴൂർ. | 5 |
| 21 | 338/15-16 | ശ്രീ വിഷ്ണുമായ പെട്രോൾ പമ്പ്, വലപ്പാടം. | 5 |
| 22 | 347/15-16 | ഗോൾഡൻ റോസ്, തിരുത്തേക്കാട് റോഡ്. | 5 |
| 23 | 348/15-16 | ഗോൾഡൻ റോസ്, പഴുവിൽ. | 4 |
| 24 | 357/15-16 | ഗ്രാന്റ് ജൂവൽ ഗോൾഡ് കവറിങ്, പഴുവിൽ. | 3 |
| 25 | 385/15-16 | കുമാർ വുഡ് ഇൻഡസ്ട്രീസ്, ആലപ്പാട്. | 3 |
| 26 | 398/15-16 | കാരണയിൽ എന്റർപ്രൈസസ് പെട്രോൾ പമ്പ് | 6 |
| 27 | 402/15-16 | 83.5 HP ഉപയോഗിച്ച് PVC പ്രിന്റിംഗ് യൂണിറ്റ് | 9 |
| 28 | 402/15-16 | 125 HP ഉപയോഗിച്ച് PVC | 9 |

| | | | |
|---|---|---|---|
| | | പ്രൊഫൈൽ പ്രൊഡക്ഷൻ യൂണിറ്റ് | |
| 29 | 403/15-16 | 60 HP ഉപയോഗിച്ച് PVC പ്രൊഫൈൽ പ്രൊഡക്ഷൻ യൂണിറ്റ് | 9 |
| 30 | 404/15-16 | 79 HP ഉപയോഗിച്ച് PVC പ്രൊഫൈൽ പ്രൊഡക്ഷൻ യൂണിറ്റ് | 9 |

2-3-2. 1988 ലെ CBSE Affiliation പ്രകാരം ഇന്ത്യയിൽ പ്രവർത്തിക്കുന്ന CBSE സ്കൂൾ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പളസ്കെയിലിലെ വേതനവും മറ്റാനുകൂല്യങ്ങളും നൽകണമെന്നാണ് വ്യവസ്ഥ. ( CBSE Affiliation ബൈലോയിലെ ഖണ്ഡിക 3(v) കാണുക.) എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ശ്രീഗോകുലം പബ്ലിക് സ്കൂൾ, പഴവിലിലെ സ്ഥാപനമേധാവി സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ ശമ്പള വിവരം പരിശോധിച്ചതിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകിയിരിക്കുന്നത് (തൊഴിൽ നികുതി റിട്ടേൺ അനുസരിച്ച് ഒന്നാം അർദ്ധവർഷം 56 അദ്ധ്യാപകരുടെയും, രണ്ടാം അർദ്ധവർഷം 59 അദ്ധ്യാപകരുടെയും തൊഴിൽ നികുതി അടച്ചിട്ടുണ്ട്. ഇതിൽ 300 രൂപയും അതിൽ കുറവും തൊഴിൽ നികുതിയാണ് ഒരോ അദ്ധ്യാപകനിൽ നിന്നും ഈടാക്കിയിട്ടുള്ളത്) ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. CBSE സ്കൂൾ ജീവനക്കാർക്ക് അർഹതപ്പെട്ട ശമ്പളം പ്രകാരമുള്ള അർദ്ധവാർഷിക വരുമാന റിട്ടേണുകളാണോ സ്ഥാപനമേധാവികൾ ലഭ്യമാക്കിയതെന്ന് പരിശോധിച്ച് യഥാർത്ഥത്തിലുള്ള തൊഴിൽ നികുതി ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കാൻ നടപടികൾ കൈകൊള്ളേണ്ടതാണ്.

2-3-3 പഞ്ചായത്ത് പരിധിയിലുള്ള ബി.എസ്.എൻ.എൽ. ലിമിറ്റഡ്, തൃശ്ശൂരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2-3-4 കേരള പഞ്ചായത്ത രാജ് തൊഴിൽ നികുതി ചട്ടം 3(2) മുതൽ 3(11) വരെയുള്ള ചട്ടങ്ങളനുസരിച്ച് സ്വയം തൊഴിൽ ചെയ്യുന്നവരുടെയും സ്ഥാപനങ്ങളുടെയും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥപനങ്ങളിൽ നിന്നും സ്ഥാപന/വ്യക്തിഗത തൊഴിൽ നികുതി ഈടാക്കിട്ടില്ല.

i) ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

ii) റേഷൻ കടകൾ

iii) സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, പാരാമെഡിക്കൽ വിദഗ്ധർ.

iv) കല്യാണ മണ്ഡപങ്ങൾ / ഹാളുകൾ

v) കരാറുകാർ

# 2-4 ഡി & ഒ ലൈസൻസ് അപാകതകൾ

2-4-1. ഡി & ഓ ലൈസൻസ് ചട്ടം 17 പട്ടിക III പ്രകാരമുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഫീസ് ഈടാക്കിയത്തിൽ കുറവ് കാണുന്നു, ആയത് വിശദീകരിക്കേണ്ടതാണ്.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപന ത്തിന്റെ പേര് | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | 2/15-16 | കെ.കെ.ധർമ്മൻ, കണാറ വീട് | മുരുകൻ സോഡ, പഴവൽ | .5 | 0 | 10 | 10 |
| 2 | 11/15-16 | ഭഗവത്സിംഗ്, വാലപറമ്പിൽ വീട് | ശ്രീസായ് ടൈൽ വർക്ക്സ്, ചാഴൂർ | 7 | 50 | 100 | 50 |
| 3 | 18/15-16 | ജോൺസൺ.A.P അരിമ്പൂര് കല്ലേരി വീട് | സെന്റ് ജോൺ കാർപെന്ററി വർക്ക്സ് | 1.5 | 0 | 50 | 50 |
| 4 | 23/15-16 | പി.കെ.ബഷീർ, പുളിന്തരപ്പറമ്പിൽ വീട് | ടീച്ചേഴ്സ് ക്രീം ഫ്രോസ്റ്റ് | 35 | 250 | 400 | 150 |
| 5 | 32/15-16 | ആന്റോ.ജെ.തട്ടിൽ, തട്ടിൽ നടയ്ക്കലാൻ വീട് | തട്ടിൽ ഫ്ലവർ മിൽ, അകംപാടം റോഡ് | 10 | 0 | 100 | 100 |
| 6 | 56/15-16 | ആന്റണി.ടി.പി., തട്ടിൽ വീട് | ആൻസ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, പഴവൽ | 9.5 | 50 | 100 | 50 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | 84/15-16 | അരുന്ധതി, തച്ചന്ത്ര വീട് | അശോക് ഫ്ലവർ മിൽ, കുഞ്ഞാലുക്കൽ റോഡ് | 9 | 0 | 100 | 100 |
| 8 | 142/15-16 | സേവ്യർ | കോയമ്പത്തൂർ മോട്ടോഴ്സ്, തൃപയാർ റോഡ് | .5 | 0 | 10 | 10 |
| 9 | 146/15-16 | റുക്കിയ | അറഫാ ഹോട്ടൽ, കുറുമ്പിലാവ് | 1 | 0 | 10 | 10 |
| 10 | 356/15-16 | സി.കെ.ബിന്ദുലൻ, ചാഴൂർ വീട് | കൃഷ്ണ റൈസ് മിൽ, ചാഴൂർ | 10 | 50 | 100 | 50 |
| 11 | 371/15-16 | എൻ.ബി.സത്യൻ, നെല്ലിപ്പറമ്പിൽ വീട് | നെല്ലിപ്പറമ്പിൽ വുഡ് വർക്ക്സ് | 5 | 0 | 50 | 50 |
| ആകെ വ്യത്യാസം | | | | | | | 630 |

മേൽ പറഞ്ഞതിൽ നിന്നും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

2-4-2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടില്ല.

1) റേഷൻ കടകൾ

2) കള്ള് ഷാപ്പുകൾ

3) കോഴി കടകൾ/ഇറച്ചി കടകൾ/കശാപ്പുശാലകൾ

# 2-5 ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

2015-16 വർഷം ടെണ്ടർ ഫോം വിൽപ്പനയിൽ ആകെ ലഭിച്ച തുകയുടെ കൃത്യത പരിശോധിക്കുന്നതിനായി ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ, വിൽപ്പന രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കുന്നതിന് എന്ന് ഓഡിറ്റ് എൻക്വയറി (9/5.12.16) നൽകിയെങ്കിലും ലഭ്യമായ മറുപടിയിൽ ഇപ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല എന്നും നിലവിലുള്ള പൊതു സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തു വരുന്നതായും പറയുന്നു. ഇത് ശരിയായ നടപടിയല്ല.

2015-16 വർഷം ഇ-ടെണ്ടർ മുഖാന്തരം പഞ്ചായത്തിന് ലഭ്യമാവേണ്ട തുകയെപ്പറ്റിയും കൃത്യമായ കണക്ക്

സൂക്ഷിച്ചിട്ടില്ല. ആകെ എത്ര ഇ-ടെണ്ടർ ലഭ്യമായി എന്നുകാണിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ ഇതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. അതിനാൽ ടെണ്ടർ ഫോമിന് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ, വിൽപ്പന രജിസ്റ്റർ എന്നിവ സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിന് നടപടികൾ എടുക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതു ടാപ്പുകളുടെ വെള്ളക്കരം -സംയുക്ത പരിശോധന നടത്തേണ്ടതാണ്

പൊതുടാപ്പുകൾക്ക് തൻവർഷം 20,37,000/-രൂപ വെള്ളക്കരമിനത്തിൽ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 387 ടാപ്പുകൾ പഞ്ചായത്തിനുണ്ട്. എന്നാൽ ഇതു സംബന്ധിച്ച കൃത്യമായ കണക്കുകൾ പഞ്ചായത്തിൽ ലഭ്യമല്ല.

20.12.2011 ൽ നടത്തിയ സംയുക്ത പരിശോധനയിൽ 381 ടാപ്പുകൾ ഉള്ളതായി ചേർപ്പ് KWA.പിഎച്ച് സെക്ഷൻ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച കത്തിൽ സംയുക്ത പരിശോധനയിൽ പഞ്ചായത്തിനെ പ്രതിനിധീകരിച്ച ഉദ്യോഗസ്ഥൻ ആരാണെന്നും അവരുടെ സാക്ഷ്യപ്പെടുത്തലും ഇല്ല. മാത്രമല്ല പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ ടാപ്പുകളുടെ എണ്ണം കൃത്യമായി പറയുന്നില്ല. ഇപ്രകാരമുള്ള ഒരു കണക്ക് പഞ്ചായത്ത് അംഗീകരിച്ചതായാണ് കാണുന്നത്. സംയുക്ത പരിശോധനയ്ക്ക് ശേഷം വാട്ടർ അതോറിറ്റിയിൽ അധികമായി അടവാക്കിയ തുക 91875/- രൂപ തുടർന്നുള്ള ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്തതായും കാണുന്നില്ല.

വെള്ളക്കരമിനത്തിൽ വലിയ തുക അടവാക്കി വരുന്ന സാഹചര്യത്തിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ യഥാർത്ഥ എണ്ണം അറിയുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുമായി ചേർന്ന് 30.9.09 ലെ സ.ഉ. (സാ.ധാ.)1279/09 നമ്പർ തസ്വഭവ പ്രകാരം കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി കൃത്യമായ രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

06.08.2012 ലെ സ.ഉ.(കൈ)നം.212/2012/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ച ആസ്തി വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ രേഖപ്പെടുത്താൻ നിർദേശിച്ചിരുന്നു. 15.02.2013 ലെ സ.ഉ.(സാധാ)നം.423/2013/തസ്വഭവ, 18.07.2013 ലെ സ.ഉ.(കൈ) നം.255/2013/തസ്വഭവ എന്നിവ പ്രകാരം ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള സമയപരിധി നീട്ടി നൽകുകയും ചെയ്തിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഇതുവരെ ആർജ്ജിച്ച റോഡ്, ഭൂമി, കെട്ടിടങ്ങൾ, കുടിവെള്ള പദ്ധതികൾ തുടങ്ങി എല്ലാ ആസ്തികളുടേയും വിശദവിവരങ്ങൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവ യഥാസമയം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-3 ജനറേറ്റർ ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിലാണ് ജനറേറ്റർ പ്രവർത്തിച്ചു തുടങ്ങിയത്. എന്നാൽ ലോഗ് ബുക്ക് പരിപാലിക്കുന്നില്ല. ഫ്യുവൽ എഫിഷ്യൻസി, ഡീസൽ വാങ്ങുന്നത്, ഉപയോഗം സംബന്ധിച്ച വിവരങ്ങൾ -എത്ര മണിക്കൂർ ഉപയോഗിച്ചു - തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്തി ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതാണ്.

## 3-4 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

മുൻവർഷങ്ങളിൽ സംയുക്തപ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ടിന്റെ വിനിയോഗവും വിനിയോഗിക്കാൻ ബാക്കിയുള്ള തുകയുടെ വിവരവും ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് | വർഷം | ലഭിച്ച തുക | ചെലവ് | ബാലൻസ് | ബ്ലോക്ക് /ജില്ല |
|---|---|---|---|---|---|---|
| 1 | വെണ്ണീറായ് കോളനി റോഡ് കോൺക്രീറ്റിംഗ് | 2012-13 | 400,000 | 361,224 | 38,776 | ജില്ല |
| 2 | കോട്ടം ഹരിജൻ കോളനി റോഡ് | 2012-13 | 246,000 | - | 246,000 | |
| 3 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 13-14 | 600,000 | 567,530 | 32,470 | |
| 4 | അംബേദ്കർ കോളനി റോഡ് | 13-14 | 250,000 | 219,246 | 30,754 | ജില്ല |
| 5 | തിണ്ടാട്ട് കോളനി ഫില്ലിംഗ് മെറ്റലിംഗ് | 2011-12 | 550,000 | 534,350 | 15,650 | |
| 6 | തിണ്ടാട്ട് കോളനി റോഡ് | 2011-12 | 299,252 | 281,849 | 17,404 | |
| 7 | ചിറപാടം കോളനി റോഡ് | 2011-12 | 654,450 | 388,961 | 265,189 | |
| 8 | ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2015-16 | 200,000 | 194,800 | 5,200 | |
| 9 | എസ്.സി ഗാർഹിക കുടിവെള്ള കണക്ഷൻ | 2011-12 | 396,000 | 348,075 | 47,925 | ബ്ലോക്ക് |
| 10 | വേലുമ്മാൻപടി സൊസൈറ്റി | 2011-12 | 200,000 | 182,914 | 17,026 | |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് | | | | | |

| | |
|---|---|
| ജില്ലാ പഞ്ചായത്തിൽനിന്നും ലഭിച്ചതിൽ ബാക്കി നിൽക്കുന്ന ആകെ തുക | 6,51,443 |
| ബ്ലോക്ക് പഞ്ചായത്തിൽനിന്നും ലഭിച്ചതിൽ ബാക്കി നിൽക്കുന്ന ആകെ തുക | 64,951 |

സംയുക്ത പ്രൊജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകയിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ബാക്കി നിൽക്കുന്ന തുകയോടൊപ്പം നാളിതുവരെ പ്രവൃത്തികൾ ആരംഭിക്കാത്ത പ്രൊജക്ടും ഉള്ളതായി കാണുന്നു. ഇക്കാര്യത്തിൽ ഭരണവകുപ്പിന്റെ ശ്രദ്ധക്ഷണിക്കുന്നു.

## 3-5 ഇ-ടെൻഡർ നടപ്പാക്കിയിട്ടില്ല - വിശദീകരണം നൽകേണ്ടതാണ്

2015-16 വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെൻഡർ നടപടികളിലൂടെ നടപ്പിലാക്കിയിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഈ ടെൻഡർ മുഖേന നടപ്പിലാക്കുകയെന്ന സർക്കാർ നയം സർക്കാർ ഉത്തരവ് (സാധാ) നമ്പർ 53/2015/തസ്വഭവ, തിയതി 07.01.2015 ലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ 10എണ്ണം അടങ്കൽ തുക 5 ലക്ഷവും അതിന് മുകളിലുള്ളവയുമാണ്. എന്നാൽ ഒരു പ്രവൃത്തി പോലും ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടില്ല. ഹൈക്കോടതി വിധിയെ തുടർന്ന് പുറപ്പെടുവിച്ച സ.ഉ (സാധാ) നമ്പർ 1288/2015/തസ്വഭവ, തീയതി 30.04.2015 ൽ നിഷ്കർഷിച്ച പ്രകാരം 2015-16 മുതൽ 5 ലക്ഷവും അതിന് മുകളിലുള്ളതുമായ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചതാണ്. ഇതിനെ തുടർന്ന് എൽ. എസ് .ജി .ഡി .ചീഫ് എഞ്ചിനീയർ 06.05.2015 ന് പുറപ്പെടുവിച്ച DB3/753/12/CE നമ്പർ സർക്കുലറിലും നിർദ്ദേശം പുറപ്പെടുവിച്ചതാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

2015-16 ൽ നടപ്പാക്കിയ വടക്കേ പുള്ള് റിങ് റോഡ് മെറ്റലിംഗ്,ടാറിംഗ് (87/16) എന്ന പ്രവർത്തി 2014-15വർഷത്തിൽ ഇ-ടെണ്ടറിലൂടെ ടെണ്ടർ ക്ഷണിച്ച പ്രവൃത്തിയാണ്. 2014-15വർഷത്തിൽ 5 പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെൻഡർ ക്ഷണിച്ചെങ്കിലും മേൽപ്പറഞ്ഞ ഒരു പ്രവൃത്തിക്ക് മാത്രമാണ് ടെണ്ടർ ലഭിച്ചതായി പറയുന്നത്. എന്നാൽ രേഖകൾ ലഭ്യമായിട്ടില്ല. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ ഇ-ടെൻഡർ ക്ഷണിച്ചുകൊണ്ടുള്ള പത്രപരസ്യം ജനയുഗം, ദേശാഭിമാനി എന്നീ രണ്ട് പത്രങ്ങളിൽ നൽകിയതായും എന്നാൽ ജനയുഗം പത്രത്തിൽ നൽകിയ പരസ്യത്തിൽ വെബ്സൈറ്റ് മേൽവിലാസം തെറ്റായി നൽകിയതായും കാണുകയുണ്ടായി. അതിനാൽ ഒരു പത്രത്തിൽ പരസ്യം നൽകിയതായിട്ട് മാത്രമേ കണക്കാക്കാൻ സാധിക്കൂ. കൂടാതെ ഈ പ്രവർത്തിയ്ക്ക് ആകെ എത്ര ടെണ്ടർ ലഭിച്ചു എന്നും ഓരോരുത്തരും ക്വോട്ട് ചെയ്ത നിരക്ക് വ്യക്തമാക്കുന്ന ഷെഡ്യൂൾ ഓഫ് വർക്ക്, Technical bid evaluation summary, Finance bid opening summary, Finance bid evaluation summary തുടങ്ങിയ രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ല. വടക്കേ പുള്ള് റിങ് റോഡ് മെറ്റലിംഗ്,ടാറിംഗ് എന്ന പ്രവൃത്തിയുടെ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ലഭ്യമാക്കുന്നതിന് എൻക്വയറി നം. 19 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ പ്രവൃത്തിയുടെ പൂർണ്ണമായ ഫയൽ ഹാജരാക്കേണ്ടതും 2015-16വർഷത്തിൽ ഇ-ടെൻഡർ നടപടികളിലൂടെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 3-6 കുറഞ്ഞ അടങ്കലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ എണ്ണം കൂടുതൽ.

ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം തയ്യാറാക്കിയ 100 പ്രോജക്ടുകളിൽ 40 എണ്ണവും രണ്ട് ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ളവയാണ്. ഇവയിൽതന്നെ 25 എണ്ണം ഒരു ലക്ഷം രൂപയോ അതിൽ കുറവോ അടങ്കലുള്ളവയാണ്. റോഡ് പ്രവർത്തികളിൽ വളരെ കുറഞ്ഞ ദൂരം മാത്രമാണ് ഈ അടങ്കൽ ഉപയോഗിച്ച് നിർവഹിക്കാനാവുന്നത്. ഗ്രാമ പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി പരിഗണിച്ച് വേണം പദ്ധതി തയ്യാറാക്കാൻ എന്ന നിർദേശം പാലിക്കാതെയാണ് മേൽപ്പറഞ്ഞ രീതിയിൽ പ്രോജക്ടുകൾക്ക് അംഗീകാരം നേടുന്നത്. ഇപ്രകാരം ഭാഗികമായി പ്രവൃത്തി നടത്തുന്നത് ഭാഗികമായി ലക്ഷ്യം കാണുന്നതിന് മാത്രമേ ഉപകരിക്കു എന്ന് ഓർമ്മിപ്പിക്കുന്നു.

പ്രോജക്ടുകളുടെ എണ്ണം കൂടുതലായത് മിക്ക പ്രോജക്ടുകളും ഫലപ്രദമായ രീതിയിൽ നിർവഹിക്കാനാവുന്നില്ല എന്ന് വ്യക്തമാക്കുന്നു. നടപടിക്രമങ്ങൾ പൂർത്തികരിച്ച് പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടും ഓഡിറ്റ് വർഷം 32 പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കാണുന്നു.

ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ട് ഓവർസിയർ ഉൾപ്പെടുന്ന LSGD എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനവ വിഭവശേഷിയിൽ ഒതുങ്ങിനിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്. ഇപ്രകാരം പ്രോജക്ടുകളുടെ എണ്ണം കൂട്ടി ഭാഗികമായി പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നം.11/5.12.16) ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയത് - കൈപ്പറ്റ് രശീതി ലഭ്യമായില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും കെട്ടിടതൊഴിലാളി ക്ഷേമനിധി വിഹിതം 1,88,341/- രൂപ ഈടാക്കിയിട്ടുണ്ട് എന്നും തൻവർഷം ഈടാക്കിയ മുഴുവൻ തുകയും ഡിമാന്റ് ഡ്രാഫ്റ്റുകളായി ക്ഷേമനിധി ബോർഡിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട് എന്നും പറയുന്നുവെങ്കിലും ഇത് സംബന്ധിച്ച രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. തുക കൈപ്പറ്റിയതിന് ക്ഷേമനിധി ബോർഡിന്റെ രശീതിയും ലഭ്യമായിട്ടില്ല.

ഈ സാഹചര്യത്തിൽ കൃത്യമായി രജിസ്റ്റർ സൂക്ഷിക്കുകയും ക്ഷേമനിധിബോർഡിൽ നിന്നും കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. (എൻക്വയറി നം 10/5.12.16)

## 3-8 പദ്ധതി ചെലവ് വിശദാംശങ്ങൾ

2015-16 വർഷം പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഫണ്ട് ഇനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 1,48,09,101 | 1,22,46,848 | 83 |
| 2 | പ്ലാൻ ഫണ്ട് SCP | 1,81,67,196 | 97,81,779 | 54 |

| | | | | |
|---|---|---|---|---|
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 74,75,421 | 52,10,135 | 66 |
| 4 | ലോകബാങ്ക് ധനസഹായം | 4,71,859 | 4,71,859 | 100 |
| 5 | പ്ലാൻ ഫണ്ട് TSP | 34,000 | 0 | 0 |
| 6 | കേന്ദ്രധനസഹായം | 15,71,350 | 1,87,500 | 12 |
| 7 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 31,10,528 | 28,93,957 | 93 |
| 8 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 73,37,069 | 60,60,426 | 82 |
| 9 | തനത് ഫണ്ട് | 43,53,912 | 28,72,382 | 66 |
| 10 | ബ്ലോക്ക് വിഹിതം | 3,20,000 | 2,96,000 | 92 |
| 11 | ജില്ലാപഞ്ചായത്ത് വിഹിതം | 8,17,254 | 5,66,054 | 69 |
| 12 | മറ്റുള്ളവ | 55,39,178 | 30,64,550 | 55 |

ലഭ്യമായ ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കാൻ കഴിയാത്തത് സ്ഥാപനത്തിന്റെ വീഴ്ചയാണ്. ക്രമ നം. 1മുതൽ 5 വരെയുള്ളവയുടെയും 7,8എന്നിവയുടെയും കാര്യത്തിൽ 2015-16 വർഷത്തിൽ ചെലവഴിച്ചതിനു ശേഷമുള്ള നീക്കിയിരിപ്പ് സാങ്കേതികമായി ലാപ്സ് ആയിട്ടുണ്ട്. ലഭ്യമായ ഫണ്ട് സമയബന്ധിതമായി വിനിയോഗിച്ച് പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഫണ്ട് പൂർണ്ണമായി ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം പഞ്ചായത്ത് ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്.

## 3-9 പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, നടപ്പാക്കിയ പ്രൊജക്ടുകൾ, വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഇവയുടെ ശതമാനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അംഗീകാരം ലഭിച്ചത് /വകയിരുത്തിയത് | നടപ്പാക്കിയത്/ ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| പ്രോജക്ട് | 100 | 68 | 68 |
| തുക | 2,78,99,189 | 1,80,04,478 | 65 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 68% പ്രൊജക്ടുകൾ നടപ്പാക്കാനും വകയിരുത്തിയ തുകയുടെ 65% തുക ചെലവഴിക്കാനും മാത്രമേ സാധിച്ചിട്ടുള്ളൂ. കൂടുതൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ പ്രൊജക്ടുകളുടെ ബാഹുല്യം കാരണം ഗുണമേന്മ ഉറപ്പു വരുത്തുവാൻ പലപ്പോഴും സാധിക്കുകയുമില്ല. ഭൂരിഭാഗം പ്രൊജക്ടുകളും നിർവ്വഹിക്കാൻ കഴിയാതെവരികയും ചെയ്യുന്നു. പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാത്തതുമൂലം ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കപ്പെടുകയും തൻവർഷം ചെലവഴിക്കേണ്ട തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും കാരണമാകുന്നു. അതിനാൽ പ്രോജക്ടുകളുടെ എണ്ണം കുറച്ച് ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - ക്രമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷം മൂല്യനിർണ്ണയം നടത്തി പണം നൽകിയ മരാമത്ത് പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ കരാർ കാലാവധി കഴിഞ്ഞവയ്ക്ക് ബാധകമായ പിഴ ഈടാക്കാതിരുന്നതിനാൽ സമയബന്ധിതമായി പ്രവൃത്തി കൊണ്ടുണ്ടാകേണ്ടുന്ന പ്രയോജനം വൈകുകയും ഗ്രാമ പഞ്ചായത്തിന് നഷ്ടമുണ്ടാവുകയും ചെയ്തതായി കാണുന്നു.

2012-ലെ പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം (G.O.(P)No.13/2012/PWD, dtd.2012)ടെണ്ടർ പ്രവൃത്തികളിൽ കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതിരുന്നാൽ പി.എ.സി.യുടെ നിശ്ചിത ശതമാനം ഫൈൻ ഒടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പി.ഡബ്ല്യു.ഡി. മാന്വലിലും, ഗ്രാമപഞ്ചായത്ത് കരാറുകാരനുമായി ഒപ്പുവച്ച കരാർ ഉടമ്പടിയിലും വ്യവസ്ഥ (ക്രമ.നം-7) ചെയ്തിട്ടുള്ള പ്രകാരം കരാറുകാരന് കരാർ കാലാവധി നീട്ടി നൽകുകയോ, ടിയാനുള്ള ബില്ലിൽനിന്നും ക്രമ പ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കരാറുകാരുമായി ഒപ്പുവെച്ച കരാർ വ്യവസ്ഥകൾ (6)പ്രകാരം കരാറുടമ്പടി വെച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലം ഏറ്റു വാങ്ങുകയും, സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കുന്നതിനും കരാറുടമ്പടിയുടെ ഭാഗമായി വെച്ചിട്ടുള്ള പ്രവർത്തന

കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. വ്യവസ്ഥ 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. ആയതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ട് മാത്രമേ കാലാവധി നീട്ടി നൽകാൻ പാടുള്ളൂ.

പി.ഡബ്ലിയു.ഡി. മാന്വൽ സെക്ഷൻ 2112, 2112(1) പ്രകാരമുള്ള ദീർഘീകരണം അനുവദിക്കാവുന്നതും അല്ലാത്ത സംഗതികളിലെ ദീർഘീകരണം നിയമ വിധേയമായി ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

<u>1)പ്രോജക്ട്-ഫില്ലിംഗ് ഡ്രെയിൻ അറ്റ് കുഞ്ഞാലുക്കൽ വപ്പുഴ റോഡ് (88/16)</u>

അടങ്കൽ – 238404

ചെലവ് - 238404/- , 16/15-16, 14.7.15

കരാറുകാരൻ – കെ.ആർ.ഹീരലാൽ

കരാർ നം, തിയതി - 27/14-15, 19.11.14

കരാർ തുക – 238404

പൂർത്തീകരിക്കേണ്ട തിയതി – 19.2.15 (മൂന്നു മാസം)

പൂർത്തീകരിച്ച തിയതി – 23.6.15

<u>ഈടാക്കേണ്ട പിഴ-</u>

1.3.15 മുതൽ 30.5.15വരെ 3മാസം-238404x1%=2384

1.6.15മുതൽ 22.6.15വരെ -238404x2%x22/90=1166

ആകെ = 3550/- രൂപ

<u>2)പ്രോജക്ട് - എ.റ്റി.സി വപ്പുഴ റോഡ് റീടാറിംഗ് (110/16)</u>

അടങ്കൽ – 130,000

ചെലവ് – 128833/- , 19/15-16, 30.9.15

കൺവീനർ – ദേവദാസ് പി.എസ്.

കരാർനം, തിയതി - 53/14-15, 20.3.15

കരാർ തുക – 130,000

പൂർത്തീകരിക്കേണ്ട തിയതി – 20.6.15

പൂർത്തീകരിച്ച തിയതി – 3.9.15

<u>ഈടാക്കേണ്ട പിഴ-</u>

1.7.15 മുതൽ 3.9.15വരെ -130000x1%x64/90=924

ആകെ = 924/-രൂപ

3)പ്രോജക്ട് - കരുപ്പാടം റോഡ് സോളിംഗ് മെറ്റലിംഗ് ടാറിംഗ് (86/16)

അടങ്കൽ – 163,000

ചെലവ് - 162,546/- , 42/15-16, 12.2.16

കരാറുകാരൻ – കെ.എസ്.ദിലീപ്

കരാർനം, തിയതി - 14/14-15, 6.11.14

കരാർ തുക – 163000

പൂർത്തീകരിക്കേണ്ട തിയതി - 6.3.15 (സപ്ലിമെന്ററി കരാർ വെച്ചതായി കാണുന്നവെങ്കിലും അസി.എഞ്ചിനീയർ, ഭരണസമിതി എന്നിവർ അംഗീകരിച്ചതായി കാണുന്നില്ല.)

പൂർത്തീകരിച്ച തിയതി -27.1.16

ഈടാക്കേണ്ട പിഴ-

1.4.15 മുതൽ 30.6.15വരെ 3മാസം- 163000x1%=1630

1.7.15 മുതൽ 30.9.15വരെ 3മാസം- 163000x2%=3260

1.10.15മുതൽ 31.12.15വരെ 3മാസം- 163000x2%=3260

1.1.16 മുതൽ 27.1.16വരെ - 163000x2%x27/90=978

ആകെ = 9128/-രൂപ

4)പ്രോജക്ട് - ഇഞ്ചമുടി റിംഗ് റോഡ് റീടാറിംഗ് (124/16)

അടങ്കൽ – 500,000

ചെലവ് - 155367 , 55/15-16, 24.2.16

കരാറുകാരൻ – കെ.കെ.നാരായണൻ

കരാർനം, തിയതി - 56/14-15, 23.3.15

കരാർ തുക – 500000

പൂർത്തീകരിക്കേണ്ട തിയതി – 23.6.15

പൂർത്തീകരിച്ച തിയതി – 01.02.16

ഈടാക്കേണ്ട പിഴ-

1.7.15 മുതൽ 31.9.15വരെ 3മാസം-500000 x1%=5000

1.10.15 മുതൽ 31.12.15വരെ 3മാസം- 500000x2%=10000

1.1.16മുതൽ 1.2.16വരെ - 500000x2%x32/90=3556

ആകെ = 18,556/-രൂപ

5)പ്രോജക്ട് - എസ്.എൻ.റോഡ് കൾവർട്ട് നിർമ്മാണം (93/16)

അടങ്കൽ – 224,000

ചെലവ് - 198382 , 79/15-16, 23.3.16

കരാറുകാരൻ – എം.റ്റി.ജോസഫ്

കരാർനം, തിയതി - 41/14-15, 22.1.15

കരാർ തുക – 224,000

പൂർത്തീകരിക്കേണ്ട തിയതി- 22.5.15

പ്രവർത്തി ആരംഭിച്ച തിയതി – 29.12.15

പൂർത്തീകരിച്ച തിയതി – 21.3.16

<u>ഈടാക്കേണ്ട പിഴ-</u>

1.6.15 മുതൽ 31.8.15വരെ 3മാസം-224,000 x1%=2240

1.9.15 മുതൽ 30.11.15വരെ 3മാസം- 224,000 x2%=4480

1.12.15മുതൽ 28.2.16വരെ 3മാസം - 224,000 x2%x=4480

1.3.16 മുതൽ 21.3.16വരെ -224000 x2%x21/90=1045

ആകെ = 12,245/-രൂപ

<u>6)പ്രോജക്ട് - ദീപ അംഗൻവാടി അറ്റകുറ്റപണി (101/16)</u>

അടങ്കൽ – 150000

ചെലവ് - 110068 , 80/15-16, 23.3.16

കരാറുകാരൻ – ജോസ് പോൾ

കരാർനം, തിയതി – 23/14-15, 19.11.14

കരാർ തുക – 150,000

പൂർത്തീകരിക്കേണ്ട തിയതി – 19.3.15

പ്രവർത്തി ആരംഭിച്ച തിയതി – 29.9.15

പൂർത്തീകരിച്ച തിയതി – 21.3.16

<u>ഈടാക്കേണ്ട പിഴ-</u>

1.4.15 മുതൽ 30.6.15വരെ 3മാസം-150000 x1%=1500

1.7.15 മുതൽ 30.9.15വരെ 3മാസം- 150000 x2%=3000

1.10.15മുതൽ 31.12.15വരെ 3മാസം - 150000 x2%x=3000

1.1.16 മുതൽ 21.3.16വരെ - 150000 x2%x80/90=2667

ആകെ = 10,167/-രൂപ

<u>7)പ്രോജക്ട് - കടാക്കുഴി റോഡ് മെറ്റലിംഗ്, ടാറിംഗ് (185/16)</u>

അടങ്കൽ – 500000

ചെലവ് - 468053 , 73/15-16, 23.3.16

കരാറുകാരൻ – അരുൺലാൽ

കരാർനം, തിയതി – 27/15-16, 9.9.15

കരാർ തുക – 500000

പൂർത്തീകരിക്കേണ്ട തിയതി – 09.12.15

പൂർത്തീകരിച്ച തിയതി – 16.03.16

ഈടാക്കേണ്ട പിഴ-

1.1.16 മുതൽ 16.3.16വരെ -500000 x1%x75/90=4167

ആകെ = 4167/-രൂപ

## 3-11 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിക്കുന്നത് സംബന്ധിച്ച്

റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടത് DARൽ റോഡ് പ്രവൃത്തികളെക്കുറിച്ച് പ്രതിപാദിക്കുന്ന 16 ാം അദ്ധ്യായത്തിലെ ഇനം 16.42 ആണ്. ഇതനുസരിച്ച് ചെയ്യേണ്ട പ്രവൃത്തി ചുവടെ ചേർക്കുന്നു.

Cement concrete 1:2:4 (1 cement ,2 coarse sand, 4 graded aggregate 40 mm nominal stone) in pavements,laid to required slope and camber in panels as required including consolidation,finishing and tamping complete...

എന്നാൽ G.O(MS)No. 74/14/LSGD dated 07.05.14-ൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള ഈ സ്പെസിഫിക്കേഷനു പകരം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ഉപയോഗിച്ചിരിക്കുന്നത് DAR ലെ 4.1.3, 4.1.8, എന്നീ ഇനങ്ങളാണ്. 4.1.8 അനുസരിച്ച് 1:4:8 എന്ന അനുപാതത്തിലും അതിനു മുകളിൽ 4.1.3 അനുസരിച്ച് 1:2:4 എന്ന അനുപാതത്തിലും കോൺക്രീറ്റിംഗ് നടത്തി വരുന്നു. ഉദാ. കരിപ്പൂർ ലൈൻ റോഡ് കോൺക്രീറ്റിംഗ് (188/16), ജയ് ഹിന്ദ് റോഡ് പുനരുദ്ധാരണം (173/16).

റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് നിശ്ചിത സ്പെസിഫിക്കേഷൻ (16.42) ഉപയോഗിക്കാത്തത് ഗുണനിലവാരക്കുറവിന് ഇടയാക്കുകയും അധിക ചെലവ് വരുന്നതിന് കാരണമാവുകയും ചെയ്യുന്നു. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ DARൽ റോഡ് പ്രവൃത്തികളെക്കുറിച്ച് പ്രതിപാദിക്കുന്ന 16 ാം അദ്ധ്യായത്തിലെ ഇനം 16.42 പ്രകാരം നിർവ്വഹിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 റോഡ് നിർമ്മാണ പ്രവർത്തികൾ സോളിംഗിൽ അവസാനിപ്പിക്കുന്നു

ഗ്രാമപഞ്ചായത്ത് 2015-16-ൽ ഏറ്റെടുത്ത ചില റോഡുനിർമാണ പ്രവൃത്തികൾ സോളിംഗ് വരെയുള്ള ഇനങ്ങൾ പൂർത്തീകരിച്ച് അവസാനിപ്പിച്ചതായി കാണുന്നു. ഐ.ആർ.സി സ്പെസിഫിക്കേഷനനുസരിച്ച്

സോളിംഗ് നടത്തിയശേഷം സീസണിങ്ങിന് വേണ്ടി ഒരു വർഷം വരെയുള്ള കാലയളവ് അനുവദനീയമാണെങ്കിലും റോഡ് ഗതാഗതത്തിന് തുറന്ന് കൊടുക്കാതെയാണ് അതുവരെ സൂക്ഷിക്കേണ്ടത്. മെറ്റലിങ്ങിന് ശേഷം ഉടൻതന്നെ ഗതാഗതത്തിന് തുറന്നുകൊടുക്കുന്നത് മൂലം മെറ്റലിങ്ങ് ഇളകിത്തെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുകയും പിന്നീട് ടാറിംഗ് പ്രോജക്ട് ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതുവരെ പൂർത്തീകരിച്ച ഇനങ്ങൾ വീണ്ടും ചെയ്യേണ്ട അവസ്ഥയുണ്ടാവുകയും ഇത് സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു. (2015-16മുതൽ വളരെ ഉയർന്നനിരക്കുള്ള ഡൽഹി ഷെഡ്യൂൾ നിരക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് വേലകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അവലംബിക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കുക.) സോളിംഗ്, മെറ്റലിങ്ങ് എന്നിവ മാത്രം നടത്തി അവസാനിപ്പിച്ച ഏതാനും റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | ദീപംറോഡ് സോളിംഗ്, മെറ്റലിംഗ് (138/16) | 500000 | 383056 | ടാറിംഗ് ഉൾപ്പെടുത്തിയിരുന്നെങ്കിലും പിന്നീട് സോളിംഗ്,മെറ്റലിംഗ് മാത്രം ചെയ്തു ടാറിംഗ് ഒഴിവാക്കി |
| 2 | അകംപാടം മിഷൻ ഹോസ്പിറ്റൽ റോഡ് (170/16) | 200000 | 155930 | |
| 3 | വാലിറോഡ് ഫില്ലിംഗ്, സോളിംഗ് (207/16) | 400000 | 398448 | സോളിംഗ് മാത്രം |
| 4 | വിസ്താരമ റോഡ് മെറ്റലിംഗ്, ടാറിംഗ് (133/16) | 300000 | 198844 | ടാറിംഗ് ഒഴിവാക്കിമെറ്റലിംഗ് മാത്രം |
| 5 | ഗ്രാമീണ ബാലകൃഷ്ണ റോഡ് സോളിംഗ്, മെറ്റലിംഗ് (174/16) | 400000 | 384192 | മെറ്റലിംഗ് ഒഴിവാക്കി ഫില്ലിംഗ്,സോളിംഗ് മാത്രം |

തുടർ പ്രവർത്തനങ്ങൾക്കായി 2016-17 വർഷത്തിൽ മേൽപ്പറഞ്ഞ എല്ലാ പ്രൊജക്റ്റുകളും അംഗീകാരത്തിന് നൽകിയതായും കാണുന്നില്ല. ആയതിനാൽ മരാമത്തുപ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നതിന് പകരം, പൂർത്തീകരണത്തിന് ആവശ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി, ഫണ്ട് വകയിരുത്തി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 3-13 മരാമത്ത് പ്രവർത്തികൾ - അപാകതകൾ

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവർത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല എന്നു കാണാം.

ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടില്ല

പ്രവൃത്തി നടത്തുന്ന കോൺട്രാക്ടറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ എന്നിവ പ്രോജക്റ്റ് സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഡിസ്പ്ലേ ബോർഡിനു വേണ്ട തുക

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുവാൻ അനുമതിയുണ്ടെങ്കിലും 2015-16 വർഷത്തിൽ പൂർത്തീകരിച്ച 66പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിലും ഈ ആവശ്യത്തിനായി തുക വകയിരുത്തിയിട്ടില്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിക്കുന്നില്ല. ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>എഗ്രിമെന്റ് ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല</u>

2015-16 വർഷത്തിൽ പൂർത്തീകരിച്ച മുഴുവൻ പ്രവൃത്തികളുടെ ഫയലുകളിലും കരാറുകാർ എഗ്രിമെന്റ് ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല. ഇത് ശരിയായ നടപടിയല്ല. അതിനാൽ എഗ്രിമെന്റ് ഷെഡ്യൂൾ സമർപ്പിക്കുന്നതിന് നടപടികൾ എടുക്കേണ്ടതാണ്.

പ്രൊജക്റ്റിനോടൊപ്പം എസ്റ്റിമേറ്റ് റിപ്പോർട്ട്, വിശദമായ എസ്റ്റിമേറ്റ്, അബസ്ട്രാക്റ്റ് എസ്റ്റിമേറ്റ്, ലൊക്കേഷൻ മാപ്പ്, സൈറ്റ് പ്ലാൻ, ഡ്രോയിംഗ്സ്, ആവശ്യമായ സംഗതികളിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2015-16 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ നിർദ്ദേശിക്കപ്പെട്ട എല്ലാ രേഖകളും സൂക്ഷിച്ചിട്ടില്ല. സുഗമ സോഫ്റ്റ് വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ആരംഭിച്ചിട്ടില്ല.

മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ പരിഗണിക്കേണ്ടതാണ്.

## 3-14 <u>ടാറിംഗ്, റീടാറിംഗ് പ്രവർത്തികൾ - എസ്റ്റിമേറ്റിൽ സുതാര്യത ഇല്ല</u>

2015-16 വർഷം നടപ്പാക്കിയ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2014 ലെ DAR with cost index നിരക്ക് അടിസ്ഥാനമാക്കിയാണ്. ടാറിംഗ്, റീടാറിംഗ് പ്രവർത്തികളുടെ എസ്റ്റിമേറ്റ് പരിശോധിക്കുമ്പോൾ DAR നിരക്കും കൂടെ Observed data പ്രകാരമുള്ള നിരക്കും ഉപയോഗിച്ചിരിക്കുന്നതായി കാണുന്നു.

ടാറിംഗ്, റീടാറിംഗ് പ്രവർത്തികളുടെ ആദ്യത്തെ 3 ഇനങ്ങൾ സ്റ്റാക്കിങ്ങ്, പോട്ട് ഹോൾ ഫില്ലിംഗ്, ലെവലിംഗ് കോഴ്സ് എന്നീ പ്രവർത്തികൾ DAR പ്രകാരമുള്ള സ്പെസിഫിക്കേഷൻ അല്ല. DAR പ്രകാരം മേല്പ്പറഞ്ഞ ഇനങ്ങൾ ടാറിംഗിൽ ആവശ്യമില്ലാത്തതാണ്. പോട്ട് ഹോൾ ഫില്ലിംഗ് ആവശ്യമുണ്ടെങ്കിൽ അത് പ്രത്യേകം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി DAR പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ ചെയ്യേണ്ടതാണ്. എന്നാൽ Observed data പ്രകാരമുള്ള നിരക്ക് ഉപയോഗിച്ച് ഈ ഇനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഉദാ. അമ്പലനട റോഡ് റീടാറിംഗ് (136/16), സെമിത്തേരി റോഡ് റീടാറിംഗ് (171/16). ടാറിംഗിൽ tack coat using, premix carpet, seal coat എന്നീ 3 ഇനങ്ങൾ ചെയ്യുന്നതിനു മാത്രമാണ് വ്യവസ്ഥയുള്ളത് എന്നിരിക്കെ ആവശ്യമില്ലാത്ത പ്രവർത്തികൾ കൂടി ചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 16/26.11.16 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-15 <u>റോഡ് കണക്റ്റിവിറ്റി പ്ലാൻ</u>

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട്

ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും പ്രധാന ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദദ്ദേശമുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നംപർ സർക്കുലറിലും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതും ഇല്ലങ്കിൽ എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്റ്റ് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 നംപർ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 പുതിയ കിണർ നിർമ്മാണം-പദ്ധതിക്ക് സബ്സിഡി അധികം അനുവദിച്ചു

പ്രോജക്റ്റ് നം : 197/16, 17/16

പ്രോജക്റ്റിന്റെ പേര് : പുതിയ കിണർ നിർമ്മാണം (പട്ടികജാതി വിഭാഗം)

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിനായി പുതിയ കിണർ നിർമ്മാണത്തിനായി 2015-16 ൽ മേൽ പ്രേജക്റ്റുകൾ പ്രകാരം ആകെ 6,62,500/-രൂപ ചെലവഴിച്ചിട്ടുണ്ട്. 12 ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഈ പദ്ധതിക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക താഴെപറയും പ്രകാരമാണ്.

| ഭൂപ്രദേശത്തിന്റെ തരം | പരമാവധി സബ്സിഡി തുക |
|---|---|
| തീരപ്രദേശം | ചെലവിന്റെ 75% / 12000 |
| ഇടനാട് | ചെലവിന്റെ 75% / 17000 |
| മലനാട് | ചെലവിന്റെ 75% / 22000 |

കൂടാതെ താഴെപറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ടുവേണം പദ്ധതി നടപ്പിലാക്കേണ്ടത്.

1. വരുമാന പരിധി 50000 രൂപ.

2. ടിപ്പിക്കൽ എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം.

3. യൂണിറ്റ് കോസ്റ്റ് LSGD എഞ്ചിനിയറിംഗ് വിഭാഗം ജില്ലാതലത്തിൽ നിശ്ചയിക്കണം.

4. മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

5. മഴവെള്ളം റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ MGNREGS പദ്ധതിയിൽ ചെയ്യേണ്ടതാണ്.

6. LSGD എഞ്ചിനിയർ അളവെടുക്കണം.

ചാഴൂർ പഞ്ചായത്തിൽ മേൽ പ്രോജക്റ്റുകളിലായി ഈ പദ്ധതി നടപ്പാക്കിയതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. ടിപ്പിക്കൽ എസ്റ്റിമേറ്റ് ഉണ്ടാക്കിയിട്ടുള്ളതായി കാണുന്നില്ല

2. ഈ പ്രവൃത്തിക്കുള്ള യൂണിറ്റ് കോസ്റ്റ് LSGD എഞ്ചിനിയറിംഗ് വിഭാഗം ജില്ലാതലത്തിൽ നിശ്ചയിച്ചിട്ടുള്ളത് ലഭ്യമാക്കിയില്ല.

3. ചെലവിന്റെ 75% അല്ലെങ്കിൽ മേൽ പട്ടിക പ്രകാരം ഭൂപ്രദേശത്തിന്റെ തരമനുസരിച്ചുള്ള പരമാവധി തുക ഇവയിൽ ഏതാണോ കുറവ് അതാണ് ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന സബ്സിഡി തുക . എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഈ വ്യവസ്ഥ പാലിക്കാതെ 17000/-രൂപ വീതം അനുവദിച്ചിരിക്കുന്നു. ഈ ഗുണഭോക്താക്കൾ നിർമ്മിച്ച കിണറുകൾക്ക് എൽ.എസ്.ജി.ഡി എഞ്ചിനീയർ നിശ്ചയിച്ച വാല്യൂവേഷന്റെ 75% 17000/- രൂപയിൽ കുറവായതിനാൽ പരമാവധി സബ്സീഡി തുകയായ 17000/- രൂപക്ക് അർഹതയില്ല. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 60726/ഡി പി1/04/തസ്വഭവ തിയതി--------- കത്തു പ്രകാരം ഈ പഞ്ചായത്ത് താഴ്ന്ന പ്രദേശമായി കണക്കാക്കി മരാമത്തുപ്രവൃത്തികൾക്കുള്ള മണ്ണ് കൊണ്ടുവരുന്നതിന് 13 കി മീ കൺവേയൻസ് അനുവദിച്ചിട്ടുണ്ട്. ഇതുകൂടി കണക്കിലെടുത്താൽ തീരപ്രദേശത്ത് കിണർ നിർമ്മാണത്തിന് നൽകാവുന്ന സബ്സിഡിയേ (12000/-രൂപ) അനുവദിക്കാവൂ എന്ന് അഭിപ്രായപ്പെടുന്നു.

<u>പ്രോജക്റ്റ് നം 17/16 ലെ ഗുണഭോക്താക്കൾ</u>

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം | വാല്യൂവേഷൻ പ്രകാരം തുക | അനുവദിക്കാവുന്ന സബ്സിഡി 75% | അനുവദിച്ച തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | സുജാത | 8 | 20500 | 15375 | 17000 | 1625 |
| 2 | വിബിത രാജീവ് | 9 | 18400 | 13800 | 17000 | 3200 |
| 3 | മീരാഭായ് ശശി | 11 | 19500 | 14625 | 17000 | 2375 |
| 4 | ഉഷ ടി കെ | 4 | 20000 | 15000 | 17000 | 2000 |
| 5 | സിന്ധു ഉണ്ണികൃഷ്ണൻ | 8 | 20000 | 15000 | 17000 | 2000 |
| 6 | വേലായുധൻ | 2 | 19000 | 14250 | 17000 | 2750 |

| | | | | | | |
|---|---|---|---|---|---|---|
| 7 | സരസ്വതി | 1 | 19000 | 14250 | 17000 | 2750 |
| 8 | ഗീത അയ്യപ്പൻ | 1 | 19000 | 14250 | 17000 | 2750 |
| 9 | അംബിക വേണു | 5 | 19500 | 14625 | 17000 | 2375 |
| 10 | മല്ലിക രവി | 8 | 19400 | 14550 | 17000 | 2450 |
| 11 | പ്രീതി ഷാജു | 8 | 19600 | 14700 | 17000 | 2300 |
| 12 | ലളിത വേലു | 13 | 20000 | 15000 | 17000 | 2000 |
| 13 | കുമാരൻ നമ്പേരിക്കുട്ടം | 8 | 19000 | 14250 | 17000 | 2750 |
| 14 | അനിത അജയഘോഷ് | 8 | 19000 | 14250 | 17000 | 2750 |
| 15 | ധർമ്മൻ വി എ | 18 | 20250 | 15188 | 17000 | 1812 |
| 16 | വള്ളിയമ്മ കൊച്ചു | 4 | 20000 | 15000 | 17000 | 2000 |
| | | | | | ആകെ | 37887 |

<u>പ്രോജക്റ്റ് നം 197/16 ലെ ഗുണഭോക്താക്കൾ</u>

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം | വാല്യുവേഷൻ പ്രകാരം തുക | അനുവദിക്കാവുന്ന സബ്സിഡി75% | അനുവദിച്ച തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | കുട്ടൻ വേലായുധൻ | 3 | 21000 | 15750 | 17000 | 1250 |
| 2 | ലീല ചെമ്പാപ്പുള്ളി | 10 | 21000 | 15750 | 17000 | 1250 |
| 3 | തിലകൻ രാമൻകുട്ടി | 11 | 22000 | 16500 | 17000 | 500 |
| 4 | ബിന്ന | 9 | 21000 | 15750 | 17000 | 1250 |

| | | | | | | |
|---|---|---|---|---|---|---|
| | സന്തോഷ്കുമാർ | | | | | |
| 5 | വേണു വേലായുധൻ | 16 | 18900 | 14175 | 17000 | 2825 |
| 6 | ശിവരാമൻ | 11 | 16500 | 12375 | 16500 | 4125 |
| 7 | നളിനി ചന്ദ്രൻ | 2 | 20000 | 15000 | 17000 | 2000 |
| 8 | രാധ വിജയൻ | 3 | 19000 | 14250 | 17000 | 2750 |
| 9 | ശാന്ത രാജു | 2 | 19500 | 14625 | 17000 | 2375 |
| 10 | സുധാകരൻ | 6 | 19800 | 14850 | 17000 | 2150 |
| | ആകെ | | | | | 20475 |

മേൽ അപാകതകൾക്ക് വിശദീകരണം ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രദേശത്തെ മണ്ണ് "ലൂസ് സോയിൽ"ആയതുകൊണ്ടാണ് അധികം കൺവേയൻസ് അനുവദിക്കുന്നതെന്നും , കിണറിന്റെ നിർമ്മാണച്ചെലവ് 30,000/-രൂപയോളം വരുമെന്നും പറയുന്നു. LSGD എഞ്ചിനീയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിലേ സബ്സിഡി അനുവദിക്കാവൂ എന്നതിനാൽ അധികം നൽകിയ സബ്സിഡിതുകയായ 58362/-രൂപയുടെ (37887+20475) ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-17 വികലാംഗർക്ക് ഉപകരണങ്ങൾ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം , പേര് : 23/16, വികലാംഗർക്ക് ഉപകരണങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ആകെ അടങ്കൽ : 250000

ചെലവ് തുക : 247860/- (ബിൽ നം 11/23.03.16)

വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങിനൽകുന്ന പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുമുമ്പ് ഉപകരണ ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തേണ്ടതുണ്ട്. എന്നാൽ 2014-15 ൽ വികലാംഗർക്കുള്ള ഉപകരണ നിർണ്ണയ ക്യാമ്പിൽ പങ്കെടുത്തവരും ഉപകരണങ്ങൾ ലഭിക്കാത്തവരുമായ ഗുണഭോക്താക്കളെ അംഗീകരിച്ച് തുടർനടപടി സ്വീകരിക്കുവാൻ ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് ഗുണഭോക്തൃലിസ്റ്റ് കൈമാറുവാൻ തീരുമാനിച്ചതനുസരിച്ചാണ് (03.10.15 ലെ 1(6) നം തീരുമാനം) ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. തൻവർഷം വേറെ ഉപകരണ ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തിയിട്ടില്ല. മുൻവർഷം ക്യാമ്പ് നടത്തിയതിന്റെ രേഖകളൊന്നും ലഭ്യമാക്കിയില്ല. ആകെ 16 ഗുണഭോക്താക്കൾക്കായി 2,47,860/- രൂപയുടെ ഉപകരണങ്ങൾ കേരള വികലാംഗക്ഷേമ

കോർപ്പറേഷനിൽ നിന്നും തൻവർഷം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ താഴെപറയുന്ന ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുന്നതിനുള്ള രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

1.തങ്ക, കാളിപ്പറമ്പിൽ വീട്,പഴുവിൽ

2. അഷ്റഫ് വി.കെ, പൊക്കലത്തുപറമ്പിൽ, ചാഴൂർ

3. ഗംഗാധരൻ, തിയ്യാടി, ചാഴൂർ

4. ആൽവിൻ പോൾ, തട്ടിൽ പഴുവിൽ

5.മുഹസീന, വലിയത്ത് പഴുവിൽ

6.കെ.കെ ശ്രീധരൻ, കാട്ടുങ്ങൽ വീട്, ചാഴൂർ

പല തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റ് പല ഏജൻസികളും വർഷങ്ങളായി ഉപകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഉപകരണം ഉള്ളവർക്കുതന്നെ വീണ്ടും നൽകപ്പെടാതിരിക്കാൻ വേണ്ട കർശന മുൻകരുതലുകൾ (സ്ഥിതിവിവരകണക്കുകൾ ശേഖരിക്കൽ ഉൾപ്പെടെ) സ്വീകരിക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ട്. ഇതു പാലിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിച്ചതായി കാണുന്നില്ല. തൻവർഷം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കാതെ, വെറുതേ വെള്ളകടലാസ്സിൽ ഗുണഭോക്താക്കളുടെ ഒപ്പിട്ടുവിച്ച് വിതരണം നടത്തിയിരിക്കുകയാണ് ചെയ്തിട്ടുള്ളത്. വാങ്ങിയതിൽ ഒരിനമായ 'Gents back strap' എന്ന ഇനം വിതരണം ചെയ്തതായും കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്ററും വിതരണരജിസ്റ്ററും സൂക്ഷിക്കാത്തതിനാൽ ഉപകരണം ലഭിച്ചവർക്കുതന്നെ വീണ്ടും നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കാനാവുന്നില്ല. മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായും ഈ പദ്ധതി നടപ്പാക്കാമെന്നതിനാൽ പഞ്ചായത്തിൽ പൊതുവായി ഒരു വിതരണരജിസ്റ്ററും ഗുണഭോക്തൃപട്ടികയും സൂക്ഷിക്കുന്നത് ഉചിതമായിരിക്കും.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 <u>അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം</u>

22-03-2011 ലെ സർക്കുലർ നം.31055/ഡി.സി-2/2011/തസ്വഭവ ഖണ്ഡിക 'സി ' പ്രകാരം പഞ്ചായത്ത് അംഗനവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചിനീയർ/ഓവർസീയർ പരിശോധിച്ച്, എല്ലാ വർഷവും മെയ്-10നകം ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് അനുവദിക്കണമെന്ന് വ്യവസ്ഥയുള്ളതാണ്. അംഗൻവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ പ്രൊഫോർമയിൽ ഇതു സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല. ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത കെട്ടിടത്തിൽ അംഗൻവാടികൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പഞ്ചായത്തിൽ ആകെയുള്ള 28 അംഗൻവാടികളിൽ 24 എണ്ണം സ്വന്തം കെട്ടിടത്തിലും 4 എണ്ണം വാടകക്കെട്ടിടത്തിലും പ്രവർത്തിക്കുന്നു. എല്ലാ അംഗൻവാടികളിലും ശൗച്യാലയങ്ങളുള്ളതും വൈദ്യുതീകരിച്ചതുമാണ്. നിലവിൽ വാട്ടർ കണക്ഷനുള്ളത് 13 അംഗൻവാടികൾക്കു മാത്രമാണ്. ബാക്കിയുള്ള അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ ലഭ്യമാക്കാൻ പദ്ധതി രൂപീകരിച്ച് തുക ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. അംഗൻവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 3-19 ടച്ച്സ്ക്രീൻ കിയോസ്ക് പൂർണ്ണപ്രവർത്തനസജ്ജമാക്കണം

പ്രോജക്ട് നം , പേര് : 37/16, പഞ്ചായത്ത് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനർ,ടച്ച് സ്ക്രീൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ആകെ അടങ്കൽ : 150000

ചെലവ് തുക : 146690/- (ഡി.ഡി.നം 641832/28.03.16,കാനറ ബാങ്ക്,ചാഴൂർ )

പഞ്ചായത്ത് പദ്ധതി ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടത് ജി.ഒ.(ആർ.റ്റി.)1838/12/തസ്വഭവ, തീയതി.03.07.12 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആയിരിക്കണം. ഇതിലെ ഒരു വ്യവസ്ഥ അനുസരിച്ച് കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടത് IKM അതതു സമയങ്ങളിൽ നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചായിരിക്കണം (ഉത്തരവിലെ ക്രമനം.7). DGS&D റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിലോ ഏതെങ്കിലും സ്പെസിഫിക്കേഷനുകൾക്ക് DGS&D റേറ്റ് കോൺട്രാക്ട് നിരക്കുകൾ നിലവിലില്ലെങ്കിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖേനയോ വാങ്ങേണ്ടതാണ്. ടെണ്ടർ നടപടികളിലൂടെ ഇവ വാങ്ങരുതെന്നും ഈ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ തൻവർഷം കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് ടെണ്ടർ നടപടികളിലൂടെയാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ പ്രോജക്ട് പ്രകാരം 146690/-രൂപ ചെലവിട്ട് ടെണ്ടർ നടപടികളിലൂടെ ഹൈസ്പീഡ് സ്കാനർ,ടച്ച് സ്ക്രീൻ എന്നിവ വാങ്ങിയിട്ടുണ്ട്. ആകെ ലഭിച്ച രണ്ട് ടെണ്ടറുകളിൽ IKM സ്പെസിഫിക്കേഷൻ പാലിക്കാത്ത ഒരെണ്ണം നിരസിക്കുകയും മറ്റേ ടെണ്ടറർക്ക് പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു. ഇതനുസരിച്ച് A Dot Computers,Thrissur എന്ന സ്ഥാപനത്തിൽ നിന്നും ഇവ വാങ്ങുകയും പഞ്ചായത്തിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പരാതികൾ, അപേക്ഷകൾ, നികുതി, സാമൂഹ്യക്ഷേമപെൻഷൻ തുടങ്ങിയവയുടെ തൽസമയസ്ഥിതി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ടച്ച്സ്ക്രീൻ കിയോസ്ക് വാങ്ങാമെന്ന് മേൽ ഉത്തരവിൽ പരാമർശമുണ്ട്. എന്നാൽ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ടച്ച്സ്ക്രീൻ കിയോസ്ക് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിന്റെ ലക്ഷ്യം സാക്ഷാൽക്കരിക്കത്തക്കവിധം പൂർണ്ണസജ്ജമാക്കിയിട്ടില്ലെന്ന് ഓഡിറ്റിനിടെ നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടു. മേൽപറഞ്ഞ ഒരിനത്തിന്റേയും തൽസമയസ്ഥിതി ഈ സംവിധാനത്തിൽ നിന്നും ലഭ്യമായില്ല. ഫലത്തിൽ ഈ സംവിധാനം കൊണ്ട് പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലാതെയായിരിക്കുന്നു. ഒരു ലക്ഷത്തിലധികം രൂപ ചെലവഴിച്ച സ്ഥാപിച്ച ടച്ച്സ്ക്രീൻ കിയോസ്ക് പൂർണ്ണപ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ ഇതിലേക്കായി ചെലവഴിച്ച 1,11,700/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 ഡെപ്പോസിറ്റ് പ്രവൃത്തി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകളിലായി താഴെപറയുന്ന വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

| ക്രമ | പ്രോജക്ട് നം | ഡെപ്പോസിറ്റ് | ഡെപ്പോസിറ്റ് | തുക പിൻവലി | റിമാർക്സ് |
|---|---|---|---|---|---|

| നം | ,പേര് | ചെയ്ത സ്ഥാപനം | ചെയ്ത തുക | ച്ചതിന്റെ വിശദാംശങ്ങൾ | | |
|---|---|---|---|---|---|---|
| | | | | ബിൽ നം, തീയതി | തുക | |
| 1 | 4/16, സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ | ഇലക്ട്രിക്കൽ സെക്ഷൻ, ചിറക്കൽ | 150220 | 8/28.09.15 | 133382 | പ്രവൃത്തി പൂർത്തീ കരണ സാക്ഷ്യപത്രം ഹാജരാ ക്കിയില്ല |
| | | ഇലക്ട്രിക്കൽ സെക്ഷൻ, പെരിങ്ങോട്ടുകര | 43007 | 14/29.12.15 | 12864 | |
| | | ഇലക്ട്രിക്കൽ ഡിവിഷൻ, ഇരിങ്ങാലക്കുട | 154595 | 890/29.01.16 | 237546 | |
| | ആകെ | | 383792 | | 383792 | |
| 2 | 29/16, അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ | ജല അതോറിറ്റി ഡിവിഷൻ ഇരിങ്ങാലക്കുട | 200000 | 38/18.03.16 | 200000 | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാ ക്കിയില്ല |
| 3 | 179/16, ഹോമിയോ ആശുപത്രിക്ക് ഒന്നാം നില പണിയൽ | കോസ്റ്റ് ഫോഡ് തൃശ്ശൂർ | 472500 | 27/12.2.16 | 105000 | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക് കിയില്ല |
| | | | | 35/29.3.16 | 210000 | |
| | | | | 42/28.3.16 | 157500 | |
| | | | | | 472500 | |
| | ആകെ ഡെപ്പോസിറ്റ് ചെയ്ത തുക | | 1056292 | | 1056292 | |

# 3-21 ആശ്രയ പദ്ധതി നടത്തിപ്പ് പുരോഗതി

ആശ്രയ പദ്ധതി നടത്തിപ്പ് പുരോഗതി സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം. | ഇനം | 1st പ്രോജക്ട് | 2nd പ്രോജക്ട് |
|---|---|---|---|
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിതിയിലുള്ള ആശ്രയ കുടുംബങ്ങൾ | 142 | അംഗീകാരം ലഭിച്ചിട്ടില്ല |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | 142 | |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 4 | |
| 4 | നാളിതുവരെ ലഭിച്ചവർ | 2 | |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | 10 | |
| 6 | നാളിതുവരെ ലഭിച്ചവർ | 9 | |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | 11 | |
| 8 | നാളിതുവരെ ലഭിച്ചവർ | 11 | |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | 13 | |
| 10 | നാളിതുവരെ ലഭിച്ചവർ | 5 | |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 10 | |
| 12 | നാളിതുവരെ ലഭിച്ചവർ | 1 | |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതികരണം ആവശ്യമുള്ളവർ | വിശദാംശം ലഭ്യമല്ല | |
| 14 | നാളിതുവരെ ലഭിച്ചവർ | | |

| | | | |
|---|---|---|---|
| 15 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | | 142 |
| 16 | ഗ്രാമ പഞ്ചായത്ത് പരിതിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നല്കുന്ന കുടുംബങ്ങൾ / വ്യക്തികൾ | | 142 |
| 17 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ് | പ്ലാൻ ഫണ്ട് | 15,87,500 |
| | | ചലഞ്ച് ഫണ്ട് | 15,00,000 |
| 18 | ആശ്രയ പദ്ധതി പ്രകാരം ചെലവ് | പ്ലാൻ ഫണ്ട് | 15,87,500 |
| | | ചലഞ്ച് ഫണ്ട് | 14,59,837 |
| 19 | നീക്കിയിരിപ്പ് | പ്ലാൻ ഫണ്ട് | 0 |
| | | ചലഞ്ച് ഫണ്ട് | 40,163 |
| 20 | ചെലവ് ശതമാനം | പ്ലാൻ ഫണ്ട് | 100 |
| | | ചലഞ്ച് ഫണ്ട് | 97.3 |

രണ്ടാം ഘട്ടം പദ്ധതിയ്ക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതും, ചലഞ്ച് ഫണ്ടിൽ നീക്കിയിരിപ്പുള്ള ₹40,163/-, ഗുണഭോക്താക്കളുടെ ക്ഷേമത്തിനായി വിനിയോഗിക്കുന്നതിനും അടിയന്തര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-22 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ -നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് മാറ്റിയ തുക മുഴുവനും കർഷകർക്ക് ലഭ്യമായില്ല

താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ ഇനങ്ങളിലായി ഗുണഭോക്താക്കൾക്ക് ₹30,61,283/-നേരിട്ട് ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം നല്കിയിട്ടുള്ളതാണ്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ഗുണഭോക്താക്കൾക്ക് നേരിട്ട് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നല്കിയ തുക |
|---|---|---|---|
| 1 | 58 | തെങ്ങിന് വളം വിതരണം | 6,23,760 |
| 2 | 59 | ജൈവ പച്ചക്കറി കൃഷി - വനിത | 70,000 |
| 3 | 60 | നെൽ വിത്ത് വിതരണം | 11,90,375 |
| 4 | 61 | ജാതി കൃഷി വികസനം | 34,080 |
| 5 | 63 | ഹാന്റ് സ് പ്രേയർ | 4,500 |
| 6 | പ്രൊഡക്ഷൻ ബോണസ് | | 11,38,568 |
| ആകെ | | | 30,61,283 |

മേൽ പറഞ്ഞ ₹30,61,283/- പൂർണ്ണമായും ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് മാറ്റപ്പെട്ടിട്ടുണ്ടോ എന്നതു സംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടിനല്കുകയുണ്ടായില്ല, എന്നാൽ കൃഷി ഓഫീസറുടെ പേരിലുള്ള കനറാ ബാങ്ക്, പഴവിൽ ശാഖയിലുള്ള 2685101014176 നമ്പർ അക്കൗണ്ടിൽ ഓഡിറ്റ് സമയത്ത് ₹43,500/- നീക്കിയിരിപ്പുള്ളതായി കാണുന്നു. ആയത് മേൽ പറഞ്ഞ ഇനത്തിൽ അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് മാറ്റാൻ കഴിയാത്ത തുകയാണെങ്കിൽ ആയത് കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതും, ആയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ:26 )

## 3-23 ആയുർവ്വേദആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ - മരുന്നു സ്റ്റോക്കിലെടുത്തതിൽ കുറവ്

പ്രോജക്ട് നമ്പർ:41/2016 ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ എന്നതിന്റെ അടിസ്ഥാനത്തിൽ 23-09-2015-ന് ബിൽ നമ്പർ:1901 പ്രകാരം ₹52/- വിലയുള്ള ഖാദിരാരിഷ്ടം 72 ബോട്ടിൽ ഔഷധി ഫാർമസ്യൂട്ടിക്കലിൽ നിന്നും വിതരണം ചെയ്തിട്ടുള്ളതാണ് . എന്നാൽ ഈ മരുന്ന്, ആയുർവേദ ആശുപത്രിയിൽ സ്റ്റോക്കിലെടുത്തപ്പോൾ (സ്റ്റോക്ക് രജിസ്റ്റർ OLD പേജ് നമ്പർ:98) 52 ബോട്ടിൽ മാത്രമേ

സ്റ്റോക്കിലെടുത്തിട്ടുള്ളൂ. അയതു സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ടുള്ള എൻക്വയറിയ്ക്ക് മറുപടിനല്കുകയുണ്ടായില്ല (ഓഡിറ്റ് എൻക്വയറി നമ്പർ:4 തിയ്യതി:03-12-16), മേൽ പറഞ്ഞ പ്രകാരം വിതരണം ചെയ്തു, ഖാദിരാരിഷ്ടം 02-11-2016സ്റ്റോക്കിൽ നിന്നും മുഴുവനായും വിതരണം ചെയ്തു കഴിഞ്ഞതായും, സ്റ്റോക്കിൽ നിലവിൽ ഒന്നും തന്നെ അവശേഷിക്കുന്നില്ല എന്നും, സ്റ്റോക്ക് രജിസ്റ്റർ New പേജ് നമ്പർ:85-ൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

ഈ സാഹചര്യത്തിൽ ₹52/- വിലയുള്ള 20ബോട്ടിൽ ഖാദിരാരിഷ്ടം സ്റ്റോക്കിലെടുക്കാത്തതിൽ കുറവായതുമൂലമുണ്ടായ,₹1040/-രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കേണ്ടതും,ആയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-24 പത്താംതരം തുല്യതാപഠനം, സാക്ഷരതാ മിഷനിൽ അടവാക്കിയ തുകയുടെ കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: എച്ച്.എം. ഗവ.എൽ.പി.എസ്.

പ്രോജക്ട്: 26/2016,പത്താം തരം തുല്യതാപഠനം (തുടർ വിദ്യാഭ്യാസം)

പത്താം തരം തുല്യതാപഠനം പദ്ധതി പ്രകാരം 10ഗുണഭോക്താക്കളുടെ പഠനത്തിനായുള്ള രജിസ്ട്രേഷൻ ഫീസായി 28-03-2016ലെ 641832ാം നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് മുഖേനെ ₹15,000/- ഡയറക്ടർ, കേരള സാക്ഷരതാ മിഷന് നല്കിയിട്ടുള്ളതാണ്, എന്നാൽ ആയതിന്റെ കൈപ്പറ്റ് രശീതി പരിശോധനയ്ക്കായി ഹാജരാക്കിയില്ല.കൈപ്പറ്റ് രശീതിയുടെ അഭാവത്തിൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-25 വിജ്ഞാനോത്സവം

ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 169/16 പ്രകാരം നടപ്പാക്കിയ വിജ്ഞാനോൽസവം എന്ന പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും (ചെക്ക് നമ്പർ 850158 തിയ്യതി:25-08-2015) ₹25,000/- ചെലവഴിച്ചിട്ടുണ്ട്. സ്റ്റേഷനറി വാങ്ങുന്നതിനും കുട്ടികൾക്ക് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പുസ്തകങ്ങൾ വാങ്ങുന്നതിനും ഭക്ഷണത്തിനുമായിട്ടാണ് തുക ചെലവഴിച്ചത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013/തസ്വഭവ.തീയതി 16-11-2013 അനുബന്ധം 1 ഖണ്ഡിക 6 പ്രകാരം പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടി അദ്ധ്യാപക പരിശീലനം ഉൾപ്പെടെ നിരവധി പരിപാടികൾ എസ്.എസ്.എ നടപ്പിലാക്കിവരുന്നതിനാൽ അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കുവാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലല്ല പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ പ്രോജക്ടുകൾ നടപ്പാക്കുന്നതിനു മുൻപ് നിർബന്ധമായും സർക്കാർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

## 3-26 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പുരോഗതിസംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| | | | |
|---|---|---|---|
| 1 | 2015-16 വർഷത്തെ മൊത്തം അടങ്കൽ | | 1,15,96,60,007 |
| 2 | 2015-16 വർഷത്തെ മുൻ ബാക്കി | | 0 |
| 3 | 2015-16 വർഷത്തെ ആകെ വരവ് | | 1,18,76,833 |
| 4 | 2015-16 വർഷത്തെ ആകെ ചെലവ് | | 1,18,76,801 |
| 5 | 2015-16 വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | | 32 |
| 6 | 2015-16 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം | | 996 |
| 7 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | | 184 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | | 3668 |
| 9 | 2015-16 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | | |
| സ്ത്രീ | പുരുഷൻ | | ആകെ |
| 55,228 | 3499 | | 58787 |
| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ |
| 23481 | 100 | 35206 | 58787 |
| 11 | 2015-16 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | | 1141 |
| 12 | 2015-16 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | | 269 |

| | | |
|---|---|---|
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | ഇല്ല |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 വർഷത്തിൽ വിതരണം ചെയ്ത വേതനം | 1,13,53,880 |
| 15 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | ഇല്ല |
| 16 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | ഒന്നാം ഘട്ടത്തിന്റെയും. രണ്ടാം ഘട്ടത്തിന്റെയും നിർവ്വഹിച്ച |

<u>പദ്ധതികൾ സംബന്ധിച്ച വിശാദാംശം</u>

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | ഇല്ല | ഇല്ല |
| 2 | വരൾച്ച തടയൽ , വനവത്കരണം | 1 | 15678 |
| 3 | ചെറുകിട ജലസേചനം | ഇല്ല | ഇല്ല |
| 4 | പട്ടികജാതി/ പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയില് ജലസംരക്ഷണം | 118 | 56,57,869 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | ഇല്ല | ഇല്ല |
| 6 | ഭൂവികസനം | ഇല്ല | ഇല്ല |

| | | | |
|---|---|---|---|
| 7 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | ഇല്ല | ഇല്ല |
| 8 | മറ്റുള്ളവ | ഇല്ല | ഇല്ല |
| 9 | ആകെ | 184 | 1,05,35,831 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2012-13 | 4,00,000 | വെണ്ണീറായ് കോളനി റോഡ് കോൺക്രീറ്റിംഗ് | 3,61,224 | 38,776 |
| -do- | 2012-13 | 2,46,000 | കോട്ടം ഹരിജൻ കോളനി റോഡ് | 0 | 2,46,000 |
| -do- | 2013-14 | 6,00,000 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റെൻഷൻ 95/13-14 | 5,67,530 | 32,470 |
| -do- | 2013-14 | 2,50,000 | അംബേദ്ക്കർ കോളനി റോഡ് | 2,19,246 | 30,754 |
| -do- | 2011-12 | 5,50,000 | തിണ്ടാട്ട് കോളനി ഫില്ലിംഗ്,മെറ്റലിംഗ് | 5,34,350 | 15,650 |
| -do- | 2011-12 | 2,99,253 | തീണ്ടാട്ട് കോളനി റോഡ് | 2,81,840 | 17,404 |
| -do- | 2011-12 | 6,54,150 | ചിറപ്പാടം കോളനി റോഡ് | 3,88,961 | 2,65,189 |
| -do- | 2015-16 | 2,00,000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് | 1,94,800 | 5,200 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് | | | | | 6,51,443 |
| ബ്ലോക്ക് പഞ്ചായത്ത് | 2011-12 | 3,96,000 | എസ്.എസി.ഗാർഹിക കുടിവെള്ള പദ്ധതി | 3,48,075 | 47,925 |
| -do- | 2011-12 | 2,00,000 | വേലൂമ്മാൻ പടി സ്വൊസൈറ്റി റോഡ് | 1,82,914 | 17,025 |
| -do- | 2015-16 | 1,76,000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,76,000 | 0 |
| -do- | 2015-16 | 1,20,000 | പാലീയേറ്റീവ് കെയർ പദ്ധതി | 1,20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് | | | | | 64,950 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇബി. പെരിങ്ങോട്ടുകര | വിവിധ വാർഡുകളിലെ പോസ്റ്റുകൾ മാറ്റിവെയ്ക്കൽ | 21500530/ 31-18-15 | 12,300 | 12,300 | 0 |
| കെ.എസ്.ഇ.ബി ചിറയ്ക്കൽ | വിവിധ വാർഡുകളിലെ | 21501552/ 29-03-16 | 10,500 | 0 | 10,500 |

| | | | | | |
|---|---|---|---|---|---|
| | പോസ്റ്റുകൾ മാറ്റിവെയ്ക്കൽ | | | | |
| കെ.എസ്.ഇ.ബി ചിറയ്ക്കൽ | വിവിധ വാർഡുകളിലെ പോസ്റ്റുകൾ മാറ്റിവെയ്ക്കൽ | 21500744 21-10-15 | 1,50,220 | 0 | 1,50,220 |
| കെ.എസ്.ഇ.ബി ചിറയ്ക്കൽ | വിവിധ വാർഡുകളിലെ സ്ട്രീറ്റ്മെയിൻ വലിയ്ക്കൽ | 21501427/ 17-03-16 | 43,007 | 0 | 43,007 |
| കെ.എസ്.ഇ.ബി പെരിങ്ങോട്ടുകര | വിവിധ വാർഡുകളിലെ സ്ട്രീറ്റ്മെയിൻ വലിയ്ക്കൽ | 21501427/ 17-03-16 | 1,54,595 | 0 | 1,54,595 |
| കേരള വാട്ടർ അതോറിറ്റി | അംഗൻവാടി വാട്ടർ കൺക്ഷൻ | 21501493/ 23-03-16 | 2,00,000 | 0 | 2,00,000 |
| കോസ്റ്റ് ഫോർഡ് | ഹോമിയോ ഡിസ്പെൻസറി ഒന്നാം നില നിർമ്മാണം | 21501246/ 15-02-16 | 4,7,2,500 | 0 | 4,7,2,500 |
| കോസ്റ്റ് ഫോർഡ് | | 21501492/ 23-03-16 | | | |
| കോസ്റ്റ് ഫോർഡ് | | 21501554/ 29-03-16 | | | |
| ആകെ | | | | | 1030822 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ₹62,500/- വരവുണ്ട്. ആയത് വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ വായ്പ | 885/10/ LSGD തിയ്യതി 18/03/10 | കരാർ പ്രകാരം ₹1,14,37,500 വായ്പയെടുത്തത് ₹77,89,431 | 1751090 | 659585 | 50943 | 1154005 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 50,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 50,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിര നിക്ഷേപം നമ്പർ: 0023703 തിയ്യതി:04-09-14,പഴുവിൽ സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്. | 50,000 |
| ആകെ | 50,000 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച₹1,695/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 2-3(1) | 120 | ലിസ്സി, SIB ആലപ്പാട് | 1103102649/ 19-11-15 |
| 2012-13 | 2-4 | 73 | ജോസ്, മാടാനി ആലപ്പാട് | 1103102652/ 19-11-15 |
| 2012-13 | 2-3(2) | 1250 | സെക്രട്ടറി, പുള്ള് സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് | 1103102772/ 03-12-15 |
| 2013-14 | 2-6(2) | 150 | സതി.കെ.വി. PTL | 1103104197/ 03-03-16 |
| 2000-01 | 2-5 | 102 | തങ്ക &വിശ്വനാഥൻ | 1103104805/ 29-03-2016 |
| ആകെ | | 1695 | | |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,27,17,796.25 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,66,81,118 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1096 .00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 121472.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 14,30,852.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 466 | | ശ്രീ.എം.എഫ്.ജോസ് സെക്രട്ടറി |
| 2-4 | 630 | | |
| 3-10 | | 62070 | ശ്രീ.അനൂപ്. പി.എൻ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-16 | | 58362 | ശ്രീമതി. സുനിത.ടി.വി. അസിസ്റ്റന്റ് സെക്രട്ടറി |
| 3-23 | | 1040 | ഡോ.സുചിത്ര.ടി. മെഡിക്കൽ ഓഫീസർ ആയുർവേദം |
| ആകെ | 1096 | 121472 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-17 | 2,47,860 | ശ്രീമതി. ഷീജ.പി.ജെ.<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-19 | 1,11,700 | ശ്രീ. എം.എഫ്.ജോസ്<br>സെക്രട്ടറി |
| 3-20 | 10,56,292 | |
| 3-24 | 15,000 | ശ്രീമതി. ശ്രീലത.പി.സി.<br>പ്രധാനാദ്ധ്യാപിക,<br>ജി.എൽ.പി.എസ്. ആലപ്പാട്. |
| ആകെ | 1430852 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം.എഫ്.ജോസ്<br>സെക്രട്ടറി | സെക്രട്ടറി<br>ചാഴൂർ ഗ്രാമ പഞ്ചായത്ത് | മഠത്തുപ്പറമ്പിൽ,<br>പൊയ്യ(പി.ഓ), തൃശ്ശൂർ |
| ശ്രീ.അനൂപ്. പി.എൻ.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>മുളംകുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് | പുതിയേടത്ത് വീട്,<br>നല്ലേപ്പടി(പി.ഓ) |
| ശ്രീമതി. സുനിത.ടി.വി.<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>ചാഴൂർ ഗ്രാമ പഞ്ചായത്ത് | തോട്ടത്തിൽ വീട്,<br>തൃശ്ശൂർ ഈസ്റ്റ് (പി.ഓ) |
| ഡോ.സുചിത്ര.ടി.<br>മെഡിക്കൽ ഓഫീസർ ആയുർവേദം | മെഡിക്കൽ ഓഫീസർ ആയുർവേദം,<br>ചാഴൂർ ഗ്രാമ പഞ്ചായത്ത് | ശ്രീപത്മം,<br>പഴയ നടക്കാവ്, തൃശ്ശൂർ-1 |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ട വിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1980-81 | എൽ.എഫ്.ടി9-57/84/23.2.1984 | 32 | |
| 1981-82 | എൽ.എഫ്.ടി13-1721/85/ 7.11.1985 | 28 | |
| 1982-83 | എൽ.എഫ്.ടി13-961/87/ 11.12.1987 | 31 | |
| 1983-84 | എൽ.എഫ്.ടി.13-903/23.05.1989 | 26 | |
| 1984-85 | എൽ.എഫ്.ടി13-1427/89/ 9.11.1999 | 18 | |
| 1985-86 | എൽ.എഫ്.ടി13-901/99/ 20.5.1991 | 39 | |
| 1986-87<br>1987-88 | എൽ.എഫ്.ടി13-999/91/ 20.05.91 | 33 | |
| 1988-89<br>1989-90 | എൽ.എഫ്.ടി13-965/94/ 20.07.94 | 22 | |
| 1990-91 | എൽ.എഫ്.ടി13- 490/93/ 25.10.93 | | |
| 1992-93<br>1993-94 | എൽ.എഫ്.ടി13- 303/95/ 08.06.96 | | |
| 1994-95 | എൽ.എഫ്.ടി13-1808/96/ 30.05.97 | | |
| 1995-96,<br>96-97 | എൽ.എഫ്.ടി13-904/98/ 08.10.98 | | |
| 1997-98<br>ചെലവ് | എൽ.എഫ്.ടി13-923/98/ 10.08.99 | | |

| | | | |
|---|---|---|---|
| 97-98 വരവ് | എൽ.എഫ്. ടി.11- 852/05/ 16.09.2005 | | |
| 1998-99 ചെലവ് | എൽ.എഫ്.ടി15-1695/2000/ 16.02.01 | | |
| 1998-99 വരവ് | എൽ.എഫ്.ടി11-1915/05/ 10.10.05 | | |
| 1999-2000 ചെലവ് | എൽ.എഫ്.ടി.11-918/03/ 01.03.04 | | |
| 1999-2000 വരവ് | എൽ.എഫ്.ടി.11-1916/05/ 10.10.05 | | |
| 2000-01, 2001-02 പദ്ധതി | എൽ.എഫ്.ടി.11-1530/03/ 31.07.04 | | |
| 2000-01 വരവ് ചെലവ് | എൽ.എഫ്.ടി.11-1917/07 10.10.08 | | |
| 2001-02 | എൽ.എഫ്.ടി.11-2114/07/ 27.12.08 | | |
| 2002-03 | എൽ.എഫ്.ടി.11-2115/07/ 27.12.08 | | |
| 2003-04 | എൽ.എഫ്.ടി.11-2116/07/ 27.12.08 | | |
| 2004-05 | എൽ.എഫ്.ടി.11-135/09 01.07.2010 | | |
| 2005-06 | എൽ.എഫ്.ടി.11-1556/09/ 09.07.10 | | |
| 2006-07 | എൽ.എഫ്.ടി.11- 1557/09/ 09.07.10/ 08.11.10 | | |
| 2007-08 | എൽ.എഫ്.ടി.പി.9-192/11/ 02.06.11 | | |
| 2008-09 2009-10 | എൽ.എഫ്.ടി.പി.2-1476/12/ 05.02.13/ 15.06.13 | | |

| | | | |
|---|---|---|---|
| 2010-11 | | | |
| 2011-12 | എൽ.എഫ്.ടി.പി.2-216/13/ 09.09.13/ 06.12.13 | | |
| 2012-13 | എൽ.എഫ്.ടി.പി.2-85/14/ 06.06.14/ 16.08.14 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.2- 181/16 തി. 15.2.16 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.2- 181/16 തി. 15.2.16 | | |

ഡെപ്യൂട്ടി ഡയറക്ടർ

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSA-TSR(P2)2169/16

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated09.01.2017

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Chazhoor Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Chazhoor Grama Panchayat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office,
Thrissur

കെ.എസ്.എ-ടി.എസ്.ആർ(പി2)2169/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി : 09.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചാഴൂർഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തൃശ്ശൂർ